Vol:3/ Issue:3/ Dec 2019

# ഫോർച്യൂൺ വോയ്സ്

ശരീരത്തിലൂടെ ആത്മാവിലേയ്ക്ക്






മിഷനെ അറിയുക മിഷനറിയാകുക



## പിതൃമൊഴി

ഉപവിയുടെ കവാടത്തിലൂടെ മാത്രമേ നമുക്ക് ദൈവത്തിലെത്തിച്ചേരാൻ സാധിക്കൂ.


| Fortune Voice<br>Vol-3 / Issue - 3 / December 2019 | Chief Editor<br>Sr.Vimala George | Associate Editor<br>Sr.Reena Maria |
|---|---|---|
| Editor<br>Sr.Moncy Francis | Editorial Board<br>Sr.Lilly Treesa, Sr.Cicy Manuel, Sr.Rosy Joseph, Sr.Nirmala Kuriakose Sr.Litty Xaviour, Sr.Alphy Sebastian, Sr.Shiny Anna James, Sr.Remya Mathew | Layout<br>Cera Graphics |


## ഉള്ളടക്കം





- എഡിറ്റോറിയൽ
- സന്ദേശം
- യേശുവിന്റെ പ്രേഷിതശൈലി
- നിലാവിലെ നൻമരങ്ങൾ
- പോകുക പ്രഘോഷിക്കുക
- കാഞ്ഞിരപ്പള്ളിയുടെ ഇടയൻ
- യുദ്ധഭൂമിയിലെ ജീവസാക്ഷ്യം
- ഛരാന്ദിപ്പുട്ടിന്റെ തണൽച്ചില്ല
- ആർമ്മി ക്യാമ്പിലെ അജപാലനം
- ഞാൻ കണ്ട ടാൻസാനിയ
- മിഷനെ അറിയുക മിഷനറിയാവുക
- അമേതി ഭവൻ എന്ന ആശാകേന്ദ്രം
- വേനലിൽ വസന്തം തീർക്കുന്നവർ
- യൂറോപ്യൻ മിഷൻ
- എന്നെ അനുഗമിക്കുവിൻ
- ക്രിസ്തുമസ്സ്



Single Copy ₹15/- Annual 60



# എഡിറ്റോറിയൽ

## മിഷനെ അറിയുക മിഷനറിയാവുക

താലിബാൻ തീവ്രവാദി സൂഫി ഗായ കനെ വെടി വച്ചുവീഴ്ത്തിയപ്പോൾ ഇപ്രകാരം പറയുക യുണ്ടായി: ഒരു പാട്ടുകാരനെ അവസാനിപ്പിക്കു മ്പോൾ കടലിലെ ഒരു തിരമാലയെ ഇല്ലാതാക്കു ന്നതുപോലെയാണ്. 'Murdering a musician will not stop the music' എന്നു പറ യുന്നപോലെ. മിസ്റ്റിക് റൂമി പറയുന്നു: 'ഈ ലോകത്തിലുള്ള മുഴുവൻ ശബ്ദതരംഗികളെ എരിയിച്ച് കളഞ്ഞാലും ഒളിഞ്ഞിരുന്ന് വായി ക്കുന്ന വീണകൾ ഈ ലോകത്തിലുണ്ട്'. ഒരു മി ഷനറി ഒരു സംഗീതജ്ഞന് സമാനമാണ്. എന്തെന്നാൽ, ഈശോയെന്ന യാഥാർത്ഥ്യത്തെ കണ്ടുമുട്ടിയ അവരുടെ ഉള്ള് സംഗീതംപോലെ യാണ്. ആർക്കും തകർക്കാനാവാത്ത ഒരു ആനന്ദം ഉള്ളിൽ പേറുന്നവനാണ് ഓരോ മിഷന റിയും.

പിതാവ് ഏൽപ്പിച്ച ദൗത്യവുമായി ലോകത്തിലേ യ്ക്ക് വന്ന ഈശോയാണ് ആദ്യസുവിശേഷ പ്രവർത്തകൻ. ഈശോയുടെ മിഷൻ ആത്യന്തി കമായി നഷ്ടപ്പെട്ടുപോയവരെ കണ്ടെത്തി രക്ഷി ക്കുന്നതിനു വേണ്ടിയായിരുന്നു (ലൂക്ക 16:10). മ നുഷ്യവർഗ്ഗത്തിന്റെ മുഴുവൻ രക്ഷയ്ക്കായി ഒരി ക്കൽ കർത്താവ് പ്രസംഗിച്ചതോ തന്നിൽ പൂർ ത്തിയായതുമായ സദ്വാർത്ത, ഇന്ന് ജറുസലേം മുതൽ ഭൂമിയുടെ അതിർത്തികൾ വരെ പ്രസംഗി ക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക ആവശ്യ മായിരിക്കുന്നു. ഈ പ്രഘോഷണമാണ് മിഷൻ പ്രവർത്തനത്തിന്റെ പ്രേരകശക്തി (2 വത്തി ക്കാൻ കൗൺസിൽ, പ്രേഷിതപ്രവർത്തനം ആർ ട്ടിക്കിൾ 2).മിശിഹാശിഷ്യർ അനുസ്യൂതം തുടരു ന്നതും ഈ ദൗത്യം തന്നെ. 2019 ഒക്ടോബർ മാസം തിരുസഭയിൽ അസാധാരണ മിഷൻ മാസമായി പരിശുദ്ധ ഫ്രാൻസീസ് പാപ്പ പ്രഖ്യാ പിച്ചു. ക്രൈസ്തവലോകമെങ്ങും അതിന്റെ അലയടികളുണ്ടായി.


ധാരാളം മിഷൻ സാക്ഷ്യങ്ങളാണ് നമുക്കു മുമ്പി ലുള്ളത്. വി. കൊച്ചുത്രേസ്യാ പ്രാർത്ഥനയും പി ത്യാഗവും വഴി മിഷനറിമാരുടെ മിഷനറിയായി. വ്രണിത ഈശോയോടുള്ള സ്നേഹത്താൽ കൽ ക്കട്ടയിലെ വി. മദർ തെരേസ, തന്റെ സ്നേഹശു ശ്രൂഷകളിലൂടെ സുവിശേഷ പ്രഘോഷണം ന ടത്തി. ചെരിഞ്ഞുകൊണ്ടിരിക്കുന്ന സഭയെ താ ങ്ങിനിറുത്തിയ വി. ഫ്രാൻസീസ് അസ്സീസിയുടെ ചിന്തയും ഇപ്രകാരമാണ്: 'എപ്പോഴും സുവി ശേഷം പ്രഘോഷിക്കുക, ആവശ്യമെങ്കിൽ മാത്രം വാക്കുകൾ ഉപയോഗിക്കുക'. ഹൈറേ ഞ്ചിന്റെ മിഷനറിയായ ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ മിഷൻ പ്രചോദനം, വാ ക്കുകളില്ലാത്ത ആതുര ശുശ്രൂഷയായിരുന്നു. ഓരോ രോഗിയ്ക്കും, കാരുണ്യവാക്കാലും നന്മ പ്രവൃത്തികളാലും ദൈവത്തിന്റെ സ്നേ ഹഭാവത്തിന് സാക്ഷ്യം വഹിക്കാമെന്ന് ദൈവദാ സൻ പഠിപ്പിച്ചു.

മാമ്മോദീസായിലൂടെ സഭയിൽ അംഗമാകുന്ന എല്ലാ വ്യക്തികളും സ്വജീവിതത്തിലൂടെ മിഷന റിയാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഇക്കാലത്തെ മിഷനറിമാരുടെ ദൗത്യങ്ങളിൽ പ്രധാനം, തെരുവുകളിൽ ഉപേക്ഷിക്കപ്പെടു കയും ദുരുപയോഗം ചെയ്യപ്പെട്ടവരുടെ അയൽ ക്കാരനായിരിക്കുക എന്നതാണ്. വരും കാലങ്ങ ളിൽ മുറിവേറ്റ ലോകത്തിന് മിഷനറിമാരാകാൻ നമുക്കും ഇറങ്ങാം. ദൈവത്തിൽ ഒന്നായി ഉള്ളിൽ ആനന്ദം നിറഞ്ഞു നിൽക്കട്ടെ. സമാഗതമാകുന്ന ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ നേർന്നുകൊണ്ട്...

സസ്നേഹം

**സി. വിമലാ ജി.**

BISHOP OF SHAMSHABAD
RAPHAEL THATTIL



**EPARCHIAL CURIA**
St. Mary's Syro-Malabar Catholic Church
Sy. No. 76/60-62, RCI Road, Keshogiri P.O.
Balapur - 500005, R. R. Dist., Telangana, India
Mob. +91 9446619255
Email:marraphaelthattil@gmail.com
www.shamshabaddiocese.org

SHD/08.02.06/14/2019

# സന്ദേശം

14/12/2019

ഈശോയിൽ എനിക്കേറ്റവും വാത്സല്യമുള്ള സഹോദരീസഹോദരങ്ങളേ,

‘ഫോർച്ച്യൂൺ വോയ്സ്’ മാസിക തിരുപ്പിറവിയ്ക്കൊരുക്കമായി ഈശോയുടെ ജീവിതദൗത്യത്തെക്കുറിച്ചും അവിടുത്തെ ശിഷ്യരുടെ മിഷൻയാത്രകളെക്കുറിച്ചും പ്രതിപാദിക്കുന്ന പ്രത്യേകപതിപ്പ് പുറത്തിറക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. മിഷനെ കൂടുതൽ അറിയുവാനും പ്രചോദനം ഉൾക്കൊള്ളുവാനും അതുവഴി മിഷൻതീക്ഷണതയിൽ ജ്വലിക്കുവാൻ വായനക്കാർക്ക് സാധിക്കട്ടെ. അക്ഷരലോകത്ത് നന്മകൾ നിറയ്ക്കാൻ ഈ മാസികയ്ക്ക് കഴിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു.


ഞാൻ വൈദികനായിട്ട് മുപ്പത്തിയെട്ട് കൊല്ലമായി. മെത്രാനായിട്ട് പത്ത് കൊല്ലമാകാറായി. തൃശ്ശൂരുമായി ബന്ധപ്പെട്ടാണ് എന്റെ ജീവിതം മുഴുവൻ. 2014-ലാണ് ഞാൻ അപ്പസ്തോലിക് വിസിറ്റേറ്ററായിട്ട് മിഷൻ പ്രവർത്തനങ്ങളിലേയ്ക്കിറങ്ങുന്നത്. ഞാൻ ഒരു മിഷനറിയായപ്പോൾ അഭിമുഖീകരിക്കേണ്ടിവന്ന പ്രതിസന്ധി ഒരു മിഷനറിയാകാൻ ആവശ്യമായ പരിശീലനം എനിക്ക് ലഭിച്ചിട്ടില്ലായെന്നതായിരുന്നു. കേരളത്തിലെ ദൈവാലയങ്ങളിൽ കുർബ്ബാനയർപ്പിക്കുകയും മറ്റു വിശുദ്ധ കൂദാശകൾ പരികർമ്മം ചെയ്യുന്നതിനുംമപ്പുറം ഒരു മിഷനറിയാകാനുള്ള ഒരു പരിശീലനവും എനിക്ക് നേടാനായിട്ടില്ലായിരുന്നു. മിഷനറിമാരാകാനുള്ള അറിവും തിരിച്ചറിവും പരിശീലനവും ലഭിച്ചിട്ടില്ല എന്നതാണ് നമ്മുടെ സഭയുടേയും വൈദികരുടേയും സമർപ്പിതരുടേയും അല്മായരുടെയും അടിസ്ഥാനമായിട്ടുള്ള അയോഗ്യത. അതിനു കാരണം നമുക്ക് മിഷനറിയാകുക എന്നത് എന്താണെന്നറിയില്ല എന്നതാണ്.

മിഷൻ പ്രവർത്തനത്തിൽ പങ്കാളികളാകുമ്പോൾ നാം അവിടുത്തെ ജനങ്ങളെ അറിയണം, അവരുടെ ഭാഷ, സംസ്കാരം, അവരായിരിക്കുന്ന സാഹചര്യങ്ങൾ എന്നിവ മനസ്സിലാക്കണം. അതിനുള്ള പരിശീലനം നൽകേണ്ടത് സഭയുടെ ഉത്തരവാദിത്വമാണ്. നമുക്ക് അക്കാദമിക് ലാബ് ഉണ്ട്, പുസ്തകങ്ങളുണ്ട്, സെമിനാറുകളുണ്ട്, പരീക്ഷയുണ്ട്. പക്ഷേ മനുഷ്യന്റെ പച്ചയായ യാഥാർത്ഥ്യങ്ങൾ കണ്ടുമുട്ടിയിട്ടില്ല എന്നതാണ് നമ്മുടെ അടിസ്ഥാനപരമായ പ്രശ്നം. അതുകൊണ്ടാകാം നമ്മുടെ സുരക്ഷിതത്വത്തിൽനിന്ന് മിഷനിലെ അരക്ഷിതാവസ്ഥയിലേയ്ക്ക് പോകുവാൻ നമുക്കിഷ്ടമില്ലാത്തത്. കാറില്ലാതെ ഇവിടെ ജീവിക്കാൻ പറ്റോ? വീടില്ലാതെ ജീവിക്കാൻ പറ്റോ? ചൂടുകൂടിയാൽ എ.സി. ഇല്ലാതെ പറ്റുമോ? നമ്മുടെ മിഷനറി ട്രസ്റ്റുകൾ സുഖസൗകര്യങ്ങളുടെ പരിക്രമത്തിലാണ്. ഇവിടെയാണ് മാർപ്പാപ്പ പറയുന്നത്, അസാധാരണ മിഷനറി മാസത്തിന്റെ രണ്ടാമത്തെ ഘട്ടം മിഷനറിമാരെ പരിശീലനത്തിലൂടെ മിഷനെ സ്നേഹിക്കാൻ കാരണമാക്കണമെന്ന്.

ഫ്രാൻസീസ് മാർപ്പാപ്പ പറയുകയാണ്, മിഷൻ പ്രവർത്തനത്തിന് രണ്ട് തലങ്ങളുണ്ട്. ഒന്ന് ബെത്ലഹേമും രണ്ട് കാൽവരിയും. എന്താണ് ഈ ബെത്ലഹേം? രക്ഷകനെക്കുറിച്ച് മാലാഖമാർ ആട്ടിടയന്മാർക്ക് അടയാളം കൊടുത്തതെന്താണ്? നിങ്ങൾ മുന്നോട്ടു പോകുമ്പോൾ ഒരുകാലിത്തൊഴുത്തിൽ പിള്ളക്കച്ചയിൽ പൊതിഞ്ഞൊരു ശിശുവിനെ കാണും. വിലകൊടുത്ത് വാങ്ങിയ കസവിലല്ല, പിള്ളക്കച്ചയിൽ, പഴന്തുണിയിൽ പൊതിഞ്ഞ് ഒരു ശിശുവിനെ കാണാം, അവനാണ് രക്ഷകൻ. ബെത്ലഹേം നഷ്ടപ്പെട്ട സഭയ്ക്ക് മിഷൻ പ്രവർത്തനം നടത്താൻ സാധിക്കില്ല. മറിയം നാല്പതാംദിവസം ഉണ്ണീശോയെ ജറുസലേം ദൈവാലയത്തിൽ ശിമയോന്റെ കരങ്ങളിൽ കൊടുത്തു. ശിമയോൻ ഉണ്ണിയെ എടുത്ത് യാഗപീഠത്തിൽ കിടത്തി പിതാവായ ദൈവത്തിന് സമർപ്പിച്ചിട്ട് മറിയത്തിന്റെ കൈയ്യിൽ നൽകിയിട്ട് പറഞ്ഞു: നിന്റെ ഹൃദയത്തിൽ ഒരുവാൾ കയറും. എന്താണ് മറിയത്തിന്റെ ഹൃദയത്തിൽ കുത്തിയിറക്കിയ വാൾ? അത് കാൽവരിയാണ്. കാൽവരിയില്ലാത്തിടത്ത് സഭയ്ക്ക് മിഷൻ പ്രവർത്തനം നടത്താൻ പറ്റില്ല.

അതിനാൽ നമുക്ക് മിഷനറിമാരാകുവാൻ ബെത്ലഹേമിലെ പരിശീലനം, കാൽവരിയിലെ പരിശീലനം, ജനങ്ങളുടെ ജീവിതങ്ങളോട് ഇണങ്ങിച്ചേരുന്ന ഒരു പരിശീലനം ആവശ്യമാണ്. ആദിവാസികളുടെയും പിന്നോക്കക്കാരുടെയും ദളിതരുടേയും ഇടയിൽ മിഷൻ പ്രവർത്തനത്തിനായി പോകുന്ന വൈദികരുടെയും സമർപ്പിതരുടെയും മിഷനറിമാരുടെയും ബെത്ലഹേം, വചനം മാംസമാകാൻ കണ്ടെത്തുന്നതാണ്. കർത്താവിന്റെ കുരിശുമരണം ഹൃദയത്തിലേറ്റുവാങ്ങിയ മറിയത്തേപ്പോലെ അവർ കാൽവരിക്ക് താഴെ നിൽക്കുന്നവരാണ്. അത്തരമൊരു മിഷൻ പരിശീലനം നമ്മുടെ അല്മായർക്ക് ലഭിക്കാൻ അവസരം ഉണ്ടാക്കണം. അപ്രകാരം നമുക്ക് മിഷനെ അറിയാം മിഷനറിയാകാം.

**മാർറാഫേൽതട്ടിൽ, ഷംഷാബാദ്രൂപതാ ബിഷപ്പ്**



# യേശുവിന്റെ പ്രേഷിതശൈലി; ഒരു പുനർവായന

ഫാ. റോബിൻ ജോർജ്ജ് ഒ.സി.ഡി., വിയന്ന

മാമ്മോദീസായിലൂടെ ആത്മാവിൽ നവ ജീവിതമാരംഭിക്കുന്ന ഓരോ വ്യക്തിയും ഈശോയെ അടുത്തറിയാനും മറ്റൊരു മിശിഹായായി ജീവിക്കാനും വിളിക്കപ്പെട്ടിരിക്കുന്നു. ഈ ധ്യാനപ്രമേയം വഴി ഈശോയുടെ പ്രേഷിത ദൗത്യത്തേയും പ്രേഷിതശൈലിയേയും അടുത്തറിഞ്ഞ് അനുകരിക്കുന്ന ആത്മീയവബോധത്തിലേയ്ക്ക് നമ്മെ നയിക്കും. കർത്താവിന്റെ പ്രേഷിതനായ ഒരു വൈദികൻ നന്ദിപൂർവ്വം പങ്കുവയ്ക്കുകയുണ്ടായി, തന്റെ ഈ സമർപ്പണജീവിതം പലരുടേയും പ്രേഷിതജീവിതത്തിന്റെ ഭാഗമാണെന്ന്. സ്വകുടുംബത്തിൽ പ്രേഷിതവേല ചെയ്ത മാതാപിതാക്കളുടെയും ഇടവക ശുശ്രൂഷ ചെയ്ത വൈദികരുടേയും സന്യസ്തസഹോദരിമാരുടേയും നല്ല അദ്ധ്യാപകരുടേയും മിഷൻപ്രവർത്തനത്തിന്റെ ഫലമാണ് സവിശേഷ വൈദിക സന്യസ്ത ദൈവവിളിയെന്നത് നിസ്തർക്കമാണ്. ആത്മീയ പൈതൃക സമ്പന്നതയിലും അതിന്റെ തുടർച്ചയിലും ഭാരതീയ കത്തോലിക്കാ സമൂഹങ്ങൾ ഈമണ്ണിൽ, ഈശോ പ്രഘോഷിച്ച ദൈദൈവരാജ്യ സംസ്ഥാപനത്തിനായി അദ്ധ്വാനിക്കുന്നതിൽ ഒട്ടും വിമുഖരല്ല. എന്നിരുന്നാൽത്തന്നെയും കാലാനുസൃത ചിന്തയുടേയും ആധുനിക വത്ക്കരണത്തിന്റെ നിരന്തരവും ശീഘ്രവുമായ വ്യതിയാനങ്ങൾക്കനുസരിച്ച്, ക്രൈസ്തവപ്രേഷിതദൗത്യം പുനർവിചിന്തനത്തിനും പുനരർപ്പണത്തിനും വിധേയമാക്കേണ്ടതുണ്ട്. മനുഷ്യനായി അവതരിച്ച ദൈവപുത്രനായ ഈശോമിശിഹാ പ്രഘോഷിച്ച ദൈവരാജ്യത്തിന്റെ കാലാനുസൃത പ്രഘോഷണത്തിനും വളർച്ചയ്ക്കും ലക്ഷ്യപ്രാപ്തിക്കുമായി പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ പങ്കുവയ്ക്കുന്നതുപോലെ സഭയുടെ (നമ്മുടെ) എല്ലാ പ്രവർത്തനങ്ങളും പ്രേഷിതസ്വഭാവമുള്ളവയും സകല ജനതകളെയും ഒന്നിപ്പിക്കാൻ ഉദ്ദേശിച്ചുള്ളവയുമായിരിക്കണം. ആയതിനാൽ ഈശോയുടെ പ്രേഷിത ശൈലി നമ്മുടെ ധ്യാനവിഷയമാക്കുക വഴി അവയുടെ സവിശേഷ മൂല്യങ്ങളെ സ്വജീവിതത്തോട് ചേർത്തു നിർത്താനാവും.

സ്നാപക യോഹന്നാൻ തന്റെ ശിഷ്യന്മാരെ ഈശോയുടെ അടുക്കൽപറഞ്ഞയച്ചുകൊണ്ട് "വരാനിരിക്കുന്ന മിശിഹാ നീ തന്നെയോ" എന്നു ചോദിക്കുന്നിടത്ത് അവൻ മറുപടി നൽകുന്നുണ്ട്. നിങ്ങൾ ഇവിടെ കാണുകയും കേൾക്കുകയും ചെയ്യുന്നതെല്ലാം സ്നാപകയോഹന്നാനെ അറിയിക്കാൻ ആവശ്യപ്പെടുന്ന ഈശോ, തന്നിലൂടെ ദൈവഹിതത്തെ വെളിപ്പെടുത്തുകയും, തന്റെ വാക്കുകളും പ്രവൃത്തികളും ദൈവരാജ്യം പ്രസംഗിക്കുന്നു എന്നുകൂടി സൂചിപ്പിക്കുന്നു. അതായത്, വാക്കുകളിലൂടെ അവതരിച്ച ദൈവരാജ്യത്തിന് പ്രവർത്തികളിലൂടെ ജീവൻ നൽകുന്നതാണ് മിശിഹായുടെ പ്രേഷിത ശൈലി.

സകല മനുഷ്യർക്കും രക്ഷയുടെ സദ്വാർത്തയായിരുന്നു ഈശോയുടെ ഭൗമികജീവിതം. സ്വജീവിത കാലത്ത് നിലവിൽ നിന്നിരുന്ന മതപരമായ അനാചാരങ്ങളേയും ആത്മീയ കപടതകളേയും പരിപൂർണ്ണമായി ഉപേക്ഷിക്കുവാൻ ആഹ്വാനംചെയ്ത ഈശോ, സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും അലംഘനീയമായ പുതുനിയമം പഠിപ്പിക്കുകയും മാതൃകയാവുകയും ചെയ്തു. "ദൈവം സ്നേഹമാകുന്നു" എന്ന് സകല ഭൂവാസികളും അവനിലൂടെ അറിയുകയും അനുഭവിക്കുകയും ചെയ്തു. "ദൈവരാജ്യം സമീപിച്ചിരിക്കുന്നു, അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" എന്ന് പ്രഘോഷിച്ച ഈശോ ദൈവരാജ്യം ഭൂമിയിൽ അനുഭവവേദ്യമാക്കി. അവൻ കടന്നുപോയ എല്ലായിടത്തും രക്ഷയുടെ, സ്നേഹത്തിന്റെ, കാരുണ്യത്തിന്റെ നവാനുഭവമായി. ഉദാഹരണങ്ങൾ: പിശാചുബാ

ധിതർ, കുഷ്ഠരോഗികൾ, തളർവാത രോഗികൾ, രക്തസ്രാവക്കാരി തുടങ്ങിയവർ. ഇത്തരം സന്ദർഭങ്ങളിൽ നിന്ന് വ്യക്തമാകുന്ന ഈശോയുടെ പ്രേഷിതശൈലി, ജീവനും സത്യവുമായ ഏക ദൈവത്തെ മനോഹരമായി അവതരിപ്പിക്കുന്നു.


യൂദയായിലും ഗലീലിയായിലെങ്ങും ചുറ്റി സഞ്ചരിച്ചപ്പോൾ ഈശോ ലക്ഷ്യം വെച്ചത്, എവിടെയെല്ലാം നന്മചെയ്ത് ദൈവരാജ്യം പ്രഘോഷിക്കാം എന്നതായിരുന്നു. അതിനായി അവൻ പാപികളുടെയും ചുങ്കക്കാരുടെയും കൂടെ വിരുന്നിനിരുന്നു. ഫരിസേയ പ്രമാണികളുടെയും പ്രമുഖരുടെയും ആതിഥ്യം സ്വീകരിച്ചു. എല്ലാവരേയും സ്നേഹിച്ചു. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും നിരവധിയാളുകൾ വന്ന് ദൈവരാജ്യത്തിൽ വിരുന്നിനിരിക്കുന്ന അവന്റെ ദാർശനികാവബോധം പ്രേഷിതലക്ഷ്യം തന്നെയെന്ന് വ്യക്തമാക്കി. സുവിശേഷ ഭാഗ്യങ്ങളുടെ പ്രഘോഷണം, പ്രത്യേകമാവിധം പാവപ്പെട്ടവരിലും എളിയവരിലും വിലപിക്കുന്നവരിലും ഹൃദയവിശുദ്ധിയുള്ളവരിലുമൊക്കെ എപ്രകാരം ദൈവിക ഇടപെടൽ സാധ്യമാകുമെന്നും പ്രഘോഷിച്ചു. അങ്ങനെ, ഈശോയുടെ പ്രേഷിതദൗത്യ മാതൃകയിൽ ദൈവവും ദൈവരാജ്യവും ലോകത്തിന് വെളിപ്പെടുകയും എല്ലാ ജനതകളും, ദേശ-കാല-ഭാഷാന്തരങ്ങളില്ലാതെ ദൈവരാജ്യത്തിലേയ്ക്ക് ആകർഷിക്കപ്പെടുന്നു.

ചുരുക്കത്തിൽ, ഈശോമിശിഹായുടെ ഓരോ വാക്കിലും പ്രവൃത്തിയിലും ഒന്നിനും പകരം വയ്ക്കാത്ത ആത്മസമർപ്പണം വ്യക്തമാണ്. അതിനാൽത്തന്നെ, പ്രേഷിതദൗത്യത്തിൽ സ്വാർത്ഥതാൽപര്യങ്ങൾക്കോ ലൗകികമോഹങ്ങൾക്കോ യാതൊരുവിധ സ്ഥാനവുമില്ല. ദൈവത്തേക്കാൾ അധികമായി മാതാവിനേയോ പിതാവിനെയോ സ്നേഹിച്ചുപോകുന്ന, മാനുഷിക ബലഹീനതയിൽ നിന്ന് അകന്നിരിക്കാൻ തീക്ഷണമായി പ്രചോദിപ്പിക്കുന്നതുമാണ് ഈശോയുടെ പ്രേഷിതജീവിതം.

ഈശോയുടെ ദൈവരാജ്യപ്രഘോഷണ പ്രേഷിതചൈതന്യത്തെ സ്വജീവിതത്തിൽ പകർത്തുന്നവരും താൻ ആയിരിക്കുന്ന സമൂഹത്തിൽ പങ്കുവയ്ക്കുന്നവരും താന്താങ്ങളുടെ ജീവിതത്തിൽ ഉയർത്തിപ്പിടിക്കേണ്ട മൂല്യമാണ് അവന്റെ പ്രേഷിതാവബോധം. ഈ അവബോധമാകട്ടെ, വിശ്വാസികളെന്നോ, അവിശ്വാസികളെന്നോ, സഹോദരനെന്നോ, അന്യനെന്നോ, ശത്രുവെന്നോ മിത്ര



മെന്നോ പോലും പക്ഷാഭേദമില്ലാതെ ഈശോ തന്റെ ശിഷ്യന്മാർക്കായി കല്പിച്ച സാഹോദര്യ സ്നേഹത്തിൽ ജീവിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. അതായത്, ഈശോശിഷ്യർ അവർ ആയിരിക്കുന്നതും ദൈവികനിയോഗത്താൽ ഏറ്റെടുത്തിരിക്കുന്ന ജീവിതാവസ്ഥയിലും സാഹചര്യത്തിലും പുതിയ കല്പനയായ സ്നേഹത്തിന്റെ ഫലപ്രാപ്തി നൂറുമേനിയും ആകണമെന്ന് മുന്തിരിച്ചെടിയുടെയും ശാഖകളുടെയും ഉപമ പറയുന്നിടത്ത് ഈശോ സുവ്യക്തമാക്കുന്നു. ഏതെല്ലാം പ്രമാണങ്ങളുടെയും ആശയങ്ങളുടെയും പേരിലായാലും വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും സ്നേഹത്തെ പുൽകുന്ന മിഷനവബോധം അന്യമായാൽ നാം അവന്റെ പ്രേഷിതലക്ഷ്യങ്ങളിൽ നിന്നും അകലെയാണെന്നു മാത്രമല്ല, നാം നമ്മുടേതായ അപ്രേഷിതവലയിൽ അകപ്പെടുന്നു എന്ന ഭീമമായ അബദ്ധത്തിലും എത്തപ്പെടുന്നു. യാതൊന്നിലും സ്വാധീനിക്കപ്പെടാതെ, നമ്മുടെ ചുറ്റുപാടിൽ ആയിരിക്കാൻ ദൈവം അനുവദിച്ചിരിക്കുന്ന ഏതൊരാളേയും നിസ്വാർത്ഥമായി അംഗീകരിക്കുകയും സ്വത്വബോധം നഷ്ടപ്പെടാതെ കൂടെയായിരിക്കുകയും ചെയ്യുമ്പോൾ, നാമറിയാതെതന്നെ, ഈശോ വിഭാവനം ചെയ്ത, കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വടക്കുനിന്നും തെ




ക്കുനിന്നും ജനങ്ങൾ വന്നു വിരുന്നിനിരിക്കുന്ന ദൈവരാജ്യ അനുഭവം മുൻകൂട്ടി ആസ്വദിച്ച് പങ്കുവയ്ക്കുവാനും ഇതിലൂടെ സാധിക്കുന്നു.

പ്രസിദ്ധ ദൈവശാസ്ത്രൻ ജാക്വസ് ഡുപ്പിസിന്റെ വാക്കുകളിൽ “ സഭ ദൈവരാജ്യം പ്രഘോഷിക്കേണ്ടത്, സുവിശേഷമൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്ന സംവാദത്തിലൂടെയാണ്”. ഈ സംവാദമാകട്ടെ ജീവിതനിയോഗത്തിലും വ്യവസ്ഥകളിലും വ്യക്തവും വ്യതിരക്തവുമായ ക്രൈസ്തവ സാഹോദര്യത്തിന്റെ പുനർ നിർമ്മാണമായി ഭവിക്കണം. ദീർഘക്ഷമയോടും വിവേകത്തോടും കൂടി ഈശോയുടെ സ്നേഹത്തിന്റെയും നന്മയുടെയും സാക്ഷ്യപ്പെടുത്തലിനെയാണ് സഭ പ്രേഷിതവേലയുടെ ശൈലിയും ലക്ഷ്യവുമായി അംഗീകരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. അങ്ങനെ ചെയ്യുകവഴി തെളിഞ്ഞും ഒളിഞ്ഞും ഏതൊരു അവസ്ഥയിലും വ്യത്യസ്ത വിശ്വാസത്തിലും അന്തർലീനമായിരിക്കുന്ന സുവിശേഷ മൂല്യങ്ങളെ (നന്മയെ) പ്രകാശിപ്പിക്കുന്നവനും എല്ലാത്തിനും ആദികാരണമായ ഏകസത്യദൈവത്തെ മിശിഹാനുയായികൾ പ്രഘോഷിക്കുന്നു. അവന്റെ പ്രേഷിതവേലയെ ലോകത്തിൽ ഈ വിധം പുനരവതരിപ്പിക്കുകവഴി, നാമാകട്ടെ, ‘ഒരു ദൈവവും ഒരു ജനത’യുമെന്ന ദൈവഹിതത്തെ സാക്ഷാത്കരിക്കുന്നു. ഇതാണ് ഈ നൂറ്റാണ്ടിന്റെ ആവശ്യവും.

ഈശോയും അവനെ അറിഞ്ഞവരും ജീവിച്ച പ്രേഷിത അവബോധത്തിൽ നിന്ന് നോക്കിയാൽ, ഈ നൂറ്റാണ്ടിന്റെ ആവശ്യകതയെ തൃപ്തമാക്കാൻ ഉതകുന്ന പ്രേഷിതചൈതന്യം നമുക്കിന്ന് ഏറെ അന്യമായിക്കൊണ്ടിരിക്കുന്നു എന്നു പറയാം. ഈശോയെ കണ്ടുപഠിക്കുകയും അതു ജീവിക്കുകയും പ്രഘോഷിക്കുകയും ചെയ്തവരായിരുന്നു അപ്പസ്തോലന്മാർ. സ്വജീവിതം കൊണ്ടും പ്രേഷിത തീഷ്ണതകൊണ്ടും അപ്പസ്തോലൻ എന്നു വിളിക്കപ്പെട്ട വി. പൗലോസ്ശ്ലീഹായും തീർച്ചയായും നമ്മുടെ പ്രേഷിതാവബോധത്തെ കൂടുതൽ പ്രചോദിപ്പിക്കുകതന്നെ ചെയ്യണം.

പരിശുദ്ധ ബനഡിക്ട് 16–ാമൻ പാപ്പ, ഒരിക്കൽ വത്തിക്കാൻ ചതുരത്തിൽ കൂടിയ വിശ്വാസികളോട് പങ്കുവച്ചു: “ഉത്ഥിതനെ അറിയുകയും അംഗീകരിക്കുകയും ചെയ്തപ്പോൾ വി.പൗലോസ്ശ്ലീഹാ മനസ്സിലാക്കി, ഈശോയിലൂടെ ദൈവജനമാകാനുള്ള വിളി ദൈവം എല്ലാജനത്തിനുമായി നൽകുകയായിരുന്നു” എന്ന്. പിന്നീടങ്ങോട്ട്, സകലജനങ്ങളോടും ഈശോയിലൂടെ അവതരിപ്പിക്കപ്പെട്ട രക്ഷയുടെ സദ്വാർത്ത പ്രഘോഷിക്കുന്നതിലായിരുന്നു വിജാതീയരുടെ അപ്പസ്തോലന്റെ ബദ്ധശ്രദ്ധ. അടിയുറച്ചതും മിശിഹാകേന്ദ്രീകൃതവുമായ ജീവിതം നയിക്കുകയും ജീവിക്കാൻ പഠിപ്പിക്കുകയും ചെയ്ത പൗലോസ് ശ്ലീഹായെ സംബന്ധിച്ചിടത്തോളം ക്രൈസ്തവ ജീവിതസാക്ഷ്യം, പ്രേഷിത ദൗത്യത്തിന്റെ ആണിക്കല്ലാണ്. ജ്ഞാനസ്നാനം നമ്മെ മരിക്കുകയും ഉയിർക്കുകയും ചെയ്ത ഈശോയോട് ഐക്യപ്പെടുത്തുന്നുവെങ്കിൽ ജ്ഞാനസ്നാനത്തിലൂടെ ദാനമായി ലഭിച്ച ഉത്ഥിത ജീവിതത്തിലുള്ള സാക്ഷ്യപ്പെടുത്തലാണ് പ്രേഷിതജീവിതം.

കത്തോലിക്കാസഭ, വിശേഷിച്ചും വിവിധ സന്ന്യസ്ത സഹോദരി സഹോദരങ്ങൾ ചെയ്യുന്ന വ്യത്യസ്ത പരസ്നേഹപ്രവൃത്തികൾ ദൈവരാജ്യപ്രഘോഷണത്തിന്റെ ബഹിർസ്ഫുരണങ്ങൾ തന്നെയാണ്. എന്നിരുന്നാലും കത്തോലിക്കാ സമൂഹങ്ങളിൽ ഇനിയും വർദ്ധിപ്പിക്കേണ്ട പ്രേഷിത തീക്ഷ്ണതയേയും അവബോധത്തേയും നാം ഉത്തേജിപ്പിക്കണം. ഈശോയുടെ പ്രേഷിതശൈലി നമ്മുടെ അനുദിനജീവിതശൈലിയായി മാറ്റുമ്പോൾ, നമ്മുടെ എളിയജീവിതങ്ങൾ ദൈവികസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വിളനിലമായി പ്രശോഭിക്കും. ആകയാൽ ഈശോയുടെ പ്രേഷിതശൈലി അനുകരിക്കുന്ന ഏതൊരാളുടെയും ഉള്ളിന്റെയുള്ളിൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ഒരു നെരിപ്പോട് നിരന്തരം ഊതിജ്വലിപ്പിക്കേണ്ടതുണ്ട്. ജോർദ്ദാൻ നദിയിലെ മാമ്മോദീസാവേളയിൽ സമാരംഭിച്ച ഈശോയുടെ പ്രേഷിതജീവിതം നമുക്ക് സമ്മാനിക്കുന്ന ദിവ്യപ്രചോദനം നമ്മുടെയുള്ളിൽ മങ്ങിക്കത്തുന്ന ആത്മാവിന്റെ അഭിഷേകത്തിന്റെയും കൃപകളുടെയും കനലുകൾ ജ്വലിക്കട്ടെ; ഒരു ദൈവവും ഒരു ജനവുമെന്ന നമ്മുടെ കർത്താവിന്റെ സാക്ഷാത്കാരത്തിനായി...



# നിലാവിലെ നൻമരങ്ങൾ

ഫാ.റോബി അടപ്പൂർ എം.എസ്.റ്റി

ആരവങ്ങളും കൊട്ടിഘോഷങ്ങളും ഇല്ലാതെ പേരിനും പ്രശസ്തിക്കുമല്ലാതെ, നിശബ്ദമായി ഒരുപാട് നന്മകൾ ചെയ്ത് ആത്മാർപ്പണത്തിന്റെ സാക്ഷികളായി ജീവിക്കുന്ന കുറെയേറെ സന്യാസികൾ സഭയുടെ പുണ്യമാണ്. നമ്മുടെയൊക്കെ ഇടവകകളിലും ദേവാലയങ്ങളിലും വേദപാഠക്ലാസ്സുകളിലും ഭക്തസംഘടനകളിലുമൊക്കെ അവർ ചെയ്യുന്ന ഒരുപാട് നിശബ്ദസേവനങ്ങൾ ഉണ്ട്. അവയിൽ പലതും വിലമതിക്കപ്പെടാതെ പോകുന്നുവെന്ന് പ്രത്യക്ഷത്തിൽ തോന്നുമെങ്കിലും അവരുടെ ശുശ്രൂഷകളെ ശ്രദ്ധയോടെ വീക്ഷിക്കുന്ന ഒരുപാട് പേരുണ്ട്. ഏതാനും ദിവസങ്ങൾക്കുമുമ്പ് അഭ്യസ്തവിദ്യനായ ഒരു ഹൈന്ദവ സഹോദരനുമായി സംസാരിക്കുന്നതിനിടയിൽ അദ്ദേഹം പറഞ്ഞത് ഓർമ്മിക്കുന്നു... "വ്യക്തിപരമായ പ്രശസ്തിയും പ്രതിഫലവും സ്ഥാനമാനങ്ങളും ഒന്നുംലഭിക്കാഞ്ഞിട്ടും നിങ്ങളുടെ സഭയിൽ സിസ്റ്റേഴ്സ്ചെയ്യുന്ന നിസ്വാർത്ഥ സേവനങ്ങളെ ഞാൻ എന്നും ആദരവോടെയാണ് കാണുന്നത്".

സമർപ്പിതജീവിതത്തിന്റെ പ്രസക്തി ഒരിക്കലും ഇല്ലാതെയാവുന്നില്ല. ഈശോയെ പ്രതി സമർപ്പിതയായി ജീവിക്കാൻ ആഗ്രഹിച്ച് മുന്നിട്ടിറങ്ങുന്ന പെൺകുട്ടികളുടെ എണ്ണത്തിൽ ഇന്ന് കുറവ് വന്നിട്ടുണ്ടെങ്കിൽ അത് സമർപ്പിതജീവിതത്തിന്റെ പ്രസക്തി കാലഹരണപ്പെടുന്നതിന്റെ അടയാളമല്ല. മറിച്ച്, സ്നേഹവും സഹതാപവും പരിഗണനയുമെല്ലാം കാലഹരണപ്പെടുന്ന പുതിയ സംസ്കാരത്തിന്റെ പ്രതിഫലനമാണത്.

സന്യാസം ഉപേക്ഷിച്ച് മഠത്തിൽ നിന്നും ഇറങ്ങിപോകുന്ന സിസ്റ്റർ മാർഗലീത്ത കേന്ദ്രകഥാപാത്രമാകുന്ന സാറാ ജോസഫിന്റെ നോവലാണ് 'ഒതപ്പ്'. വ്യവസ്ഥിതികളുടെയും കുറേ വേഷവിധാനങ്ങളുടെയും പിടിമുറുക്കത്തിനുള്ളിൽ ശ്വാസംമുട്ടുന്ന സന്യാസിനികളുടെ പ്രതിരൂപമായാണ് മാർഗലീത്തയെ കഥാകാരി അവതരിപ്പിക്കുന്നത്. ആ പിരിമുറുക്കവും ശ്വാസംമുട്ടലും ആണത്രേ രക്ഷപ്പെടാൻ പ്രേരിപ്പിക്കുന്നത്. ആനന്ദമാണ് ദൈവമെന്നും, ശരീരത്തിന് ശരീരത്തോട് തോന്നുന്ന പ്രണയത്തിലാണ് ആനന്ദം എന്നും, പ്രണയിക്കുമ്പോൾ ശരീരം ആധ്യാത്മിക ആനന്ദം



അനുഭവിക്കുകയാണെന്നുമുള്ള ആശയങ്ങൾ കഥാപാത്രങ്ങളുടെ ചിന്താധാരകൾ ആണെന്ന ഭാവേന വായനക്കാരുടെ മനസ്സിൽ പ്രതിഷ്ഠ നേടാൻ ശ്രമിക്കുന്ന സാറാ ജോസഫിനെ പോലുള്ള എഴുത്തുകാർക്ക് ഒരുപക്ഷേ ആ സമർപ്പിതരുടെ ആത്മീയ ആനന്ദത്തെകുറിച്ച് മനസ്സിലാക്കാൻ ബുദ്ധിമുട്ടായിരിക്കും.

സമർപ്പിതർക്ക് അവരുടെ അർപ്പണം ആത്മസാക്ഷാത്കാരത്തിനുള്ള വഴിയാണ്. ഈ വഴിയിലെ ബുദ്ധിമുട്ടുകൾ ആരും അവരെ അടിച്ചേല്പ്പിക്കുന്നതല്ല. മറിച്ച് അവർ സ്വയം ഏറ്റെടുക്കുന്നതാണ്. അത്തരമൊരു അർപ്പണമാണ് അവരുടെ ആത്മീയതയും ആനന്ദവും.

പാവങ്ങൾക്കുവേണ്ടി നിലകൊണ്ടതിന്റെ പേരിൽ ജാർഖണ്ഡിലും മധ്യപ്രദേശിലുമൊക്കെ അതിദാരുണമായി കൊല്ലപ്പെട്ട ചില സഹോദരിമാരെക്കുറിച്ചും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ ഉൾപ്രദേശങ്ങളിലെ പ്രേഷിതജോലികൾക്കിടയിൽ മാരക രോഗങ്ങൾ ബാധിച്ച് ആരോഗ്യം ക്ഷയിച്ചവരേക്കുറിച്ചും മരണമടഞ്ഞവരേക്കുറിച്ചും സമൂഹം വിലക്കു കല്പിച്ച് മാറ്റി നിറുത്തുന്ന എയ്ഡ്സ് ബാധിതരേപ്പോലുള്ളവരെ ശുശ്രൂഷിക്കാൻ ജീവിതം സമർപ്പിച്ചിട്ടുള്ള സഹോദരിമാരേക്കുറിച്ചും അവഗണിക്കപ്പെട്ടവർക്കും ഉപേക്ഷിക്കപ്പെട്ടവർക്കുമായി വിശ്രമമില്ലാതെ സമയവും ആരോഗ്യവും സമർപ്പിക്കുന്നവരെക്കുറിച്ചും പുസ്തകത്താളുകളിൽ പരാമർശിക്കുന്നില്ല.

"ബന്ധങ്ങൾക്കിടയിൽ കാരുണ്യത്തിന്റെ പച്ചപ്പ് കാത്തുസൂക്ഷിക്കുന്ന ചിലരൊക്കെ ഇനിയും അവശേഷിക്കുന്നതുകൊണ്ടാണ് ഈ ഭൂമി ജീവിക്കാൻ കൊള്ളുന്ന ഒരിടമായി ഇപ്പോഴും നമുക്കനുഭവപ്പെടുന്നത്" എന്ന എം.ടി യുടെ വാക്കുകളെ അനുസ്മരിക്കുന്നു. ഇപ്രകാരം കുറെ സന്യാസിനിമാരുള്ളതുകൊണ്ടാണ് അനാഥ ബാല്യങ്ങൾ വിഹ്വലതകളില്ലാതെ കളിച്ചുല്ലസിക്കുന്നതും അഗതിമന്ദിരങ്ങളിലെ അനാഥർ സനാഥരായതും ജീവിതത്തെ സ്നേഹിക്കാൻ തുടങ്ങുന്നതുമൊക്കെ.

ജീവിതം സമർപ്പണമാക്കിയെന്നു കരുതി ഈ സഹോദരിമാർ പോരായ്മകളില്ലാത്തവരാകണമെന്നില്ല. നമ്മുടെയൊക്കെ കുടുംബങ്ങളിൽ ജനിച്ചുവളർന്ന, പൂർണ്ണതയുടെ നിറകുടമാകാനുള്ള അത്ഭുതസിദ്ധികളൊന്നും വരമായി കിട്ടാത്ത സാധാരണ മനുഷ്യരാണവരും. കുറവുകളോടെ അവരെ നമുക്ക് അംഗീകരിക്കാം. അവരുടെ അർപ്പണങ്ങളെയും ത്യാഗങ്ങളെയും വിലമതിക്കാം.

## ഉപകാരസ്മരണ

ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിച്ചതിനാൽ കടബാധ്യതകൾ ഒന്നുംകൂടാതെ നിശ്ചയിച്ച സമയത്തുതന്നെ എന്റെ യും സഹോദരന്റെയും വിവാഹം നടത്തുവാൻ സാധിച്ചു. ദൈവദാസൻ വഴി ദൈവം നൽകിയ ഈ അനുഗ്രഹത്തിന് ദൈവത്തോട് നന്ദി പറയുന്നു.

സോന ജോസ്, കൽത്തൊട്ടി

ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ സഹായം തേടി പ്രാർത്ഥിച്ചതിന്റെ ഫലമായി പ്രസവസമയത്തെ ആരോഗ്യപരവും മാനസികപരവുമായ പ്രശ്നങ്ങൾ മാറികിട്ടുകയും സുഖപ്രസവം ലഭിക്കുകയും ചെയ്തു. ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ് വഴിയായി നൽകിയ ദൈവാനുഗ്രഹത്തിന് അവിടുത്തോട് നന്ദി പറയുന്നു.

സോണി ബെന്നി, നെടുംങ്കണ്ടം.



# പോകുക പ്രഘോഷിക്കുക

സി. ലില്ലി ട്രീസ എസ്.സി.ജെ.ജി

എന്റെ രക്ഷ ലോകാതിർത്തികൾവരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നൽകുന്നു.

കത്തോലിക്കാസഭയുടെ ചരിത്രത്താളുകൾ മറിക്കുമ്പോൾ കണ്ടെത്തുന്ന വലിയ സത്യം ഓരോ വിശുദ്ധാത്മാക്കളുടെയും ദൈവീക തെരഞ്ഞെടുപ്പ് ഒരു വലിയ നിയോഗ പൂർത്തീകരണത്തിനായിരുന്നു എന്നതാണ്. തങ്ങളെക്കുറിച്ചുള്ള ദൈവികപദ്ധതിക്ക് ആമ്മേൻ പറഞ്ഞ് ജീവിതത്തിന്റെ ഊഷരാനുഭവങ്ങളിലൂടെ തങ്ങളുടെ മാറ്റ് തെളിയിച്ചവർ. ഋതുക്കൾ മാറിമറിഞ്ഞ് യുഗങ്ങൾ മുന്നോട്ടു പോകുന്തോറും തങ്ങളുടെമേൽ വർഷിക്കപ്പെട്ട ദൈവകൃപയുടെ നീർച്ചാലുകൾ തങ്ങളുടെ വിശ്വാസജന്യമായ ജീവിതത്തിലൂടെ ആശങ്കാകുലമായ ജനപദങ്ങളിലേക്ക് ഒഴുക്കിയവർ. അഹത്തിന്റെ കെട്ടുപാടുകളിൽ നിന്നും വിമുക്തി നേടി അപരനിലൂടെ അപരിമേയനിൽ എത്തിയവർ. വചനത്തിന് മാംസം ധരിക്കാൻ സ്വയം വിട്ടുനൽകിയ പരിശുദ്ധ അമ്മ മുതൽ ദൈവികവഴികളെ പുൽകിയ വിശുദ്ധാത്മാക്കൾ എന്നും തിരുസഭയിൽ സുഗന്ധം വീശുന്ന പുണ്യസൂനങ്ങളാണ്. ഈ വിശുദ്ധവഴികൾ പുൽകിയവരിൽ കുടുംബജീവിതം നയിച്ചവരും സമർപ്പിതരും വൈദികരും മെത്രാന്മാരുമുണ്ട്. സഹോദരസ്നേഹം മാനദണ്ഡമാക്കിയപ്പോൾ ദൈവസ്നേഹത്തിന്റെ ഉന്നതി പ്രാപിച്ചവർ തങ്ങളുടെ നിയോഗങ്ങൾ നൂറുശതമാനവും വിശ്വസ്തതയോടെ പൂർത്തീകരിച്ചവരാണവർ.

സീറോമലബാർ യാമപ്രാർത്ഥനയിലെ ഏലിയാ-സ്ലീവാ-മൂശക്കാലം വെള്ളിയാഴ്ചത്തെ റംശാ പ്രാർത്ഥനയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു. ദൈവത്തെ സേവിച്ചവർ എന്ന അംഗീകാരത്തിന് അർഹരായവർ ദൈവത്തോട് ചോദിക്കുന്നു; “ഞങ്ങളൊരിക്കലുമവിടുത്തെ കണ്ടിട്ടില്ലങ്ങരുളു പോൽ, എന്നു നിരാമയനങ്ങേവം വന്നു വിവശതയാർന്നിവിടെ”. ദൈവം ഉത്തരം നൽകുന്നു: ‘എളിയവരാമെൻ സഹചരിൽ നിന്നൊരുവന് നിങ്ങൾ ചെയ്തപ്പോൾ ചെയ്തതെനിക്കല്ലേ”. തിരുസഭയുടെ ചരിത്രവും ഇതുതന്നെയാണ്. അപ്പസ്തോലനടപടിയിൽ നാം വായിക്കുന്നു; വിശ്വസിച്ചവർ എല്ലാവരും ഒറ്റസമൂഹം ആവുകയും തങ്ങൾക്കുണ്ടായിരുന്നവയെല്ലാം പൊതുവായി പങ്കുവയ്ക്കുകയും ചെയ്തു. ഇപ്രകാരം സ്വയംദാനത്തിലൂടെ സന്യാസത്തിന്റെ ത്യാഗവഴികളെ പുൽകി ദൈവസായൂജ്യം പ്രാപിക്കുവാൻ വിളി ലഭിച്ച അനർഘ രത്നങ്ങൾ തിരുസഭയുടെ വിലമതിക്കാനാവാത്ത നിധികളാണ്.

തിരുസഭാരാമത്തിൽ വെൺശോഭ പകർന്ന ഒരു വിൺതാരകമാണ് ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ് താൻഹോയ്സർ. പേരുപോലെതന്നെ ജീവിതം ഭാഗ്യമാക്കിയവൻ... സന്യാസന്യാസാവൃതിക്കപ്പുറം കരയുന്നവരുടെ രോദനങ്ങൾക്ക് കാതോർത്തവൻ... വേദനിക്കുന്നവരുടെ കണ്ണീർ തുടയ്ക്കാൻ നീട്ടിയ കരങ്ങളോടെ ജർമനിയിലെ യുദ്ധകാല അനുഭവങ്ങൾ മുതൽ ഹൈറേഞ്ചിന്റെ രോദനങ്ങൾക്കുവരെ കാതോർത്ത വ്യക്തിത്വം. പിതാവ് ഫോറസ്റ്റ് ഓഫീസർ ആയതിന്റെ പ്രകൃതിയെ വളർത്തുന്നതിന്റെ വലിയ പാഠം ചെറുപ്പത്തിൽ സ്വന്തമാക്കിയവൻ. അവശരോടു കരുണയുള്ള ഹൃദയമയിയായ അമ്മ. ബാല്യകാലത്തിലെ എല്ലാകുസൃതികളും കുറുമ്പുകളും കാട്ടി രണ്ട് സഹോദരന്മാരോടൊപ്പമുള്ള ജീവിതം... കൊച്ചുബർണാഡിന്റെ ബാല്യം ഭാവിയിലെ വലിയ ദൗത്യങ്ങൾക്കായി അവനറിയാതെ രൂപപ്പെടുത്തികൊണ്ടിരുന്നു. കൗമാരത്തിലെ ഉറപ്പുള്ള വലിയതിരഞ്ഞെടുപ്പായി സന്യാസം മാറുമ്പോൾ മാതാപിതാക്കളുടെ



പ്രാർത്ഥനാപൂർവ്വകമായ സമ്മതം അദ്ദേഹത്തെ കൂടുതൽ ഉത്തേജിപ്പിച്ചു. വലിയ പ്രതീക്ഷകളോടെ സന്യാസപ്രവേശനത്തിൽ ഫോർത്തൂനാത്തൂസ് എന്ന നാമവുമായി ആ വ്യക്തിത്വം പുതിയൊരുയാത്ര ആരംഭിക്കുകയായിരുന്നു. താൻ കാണിച്ചുതരുന്ന നാട്ടിലേക്ക് പോവുക, നിന്നെ വലിയൊരു ജനതയാക്കും. നീയൊരു അനുഗ്രഹമാകും എന്ന് പൂർവ്വപിതാവായ അബ്രാഹാമിനോടു ചെയ്തവാഗ്ദാനം പോലെ തന്നെക്കുറിച്ചുള്ള ദൈവികപദ്ധതികൾ പൂർത്തിയാക്കുവാൻ സന്യാസംവരിച്ച ബ്രദർ ഫോർത്തൂനാത്തൂസ് മാത്രം ലോകത്തിന് ദീപമാകുവാൻ കുടുംബത്തിൽ അവശേഷിച്ചു. നിത്യനൂത സൗന്ദര്യമായ ദൈവസ്നേഹം എന്നും ബ്രദറിനെ വലയംചെയ്തിരുന്നു. സന്യാസത്തിന്റെ പ്രസക്തി ചോദ്യംചെയ്യപ്പെടുന്ന ഇക്കാലത്ത് സന്യാസജീവിതം ദൈവികഅന്തസ്സോടെ ജീവിക്കാം എന്ന്കാണിച്ച ഈ സന്യാസവര്യൻ സന്യാസാശ്രമ പ്രവേശനം മുതൽ രോഗശയ്യയിൽവരെ കർമ്മനിരതനായിരുന്നു. കരം നീട്ടിയ മേഖലകളിലെല്ലാം ദൈവം തന്റെ കയ്യൊപ്പ് ചാർത്തി. ദൈവം തന്നെ ഭരമേൽപ്പിക്കാൻ ആഗ്രഹിക്കുന്ന പുതിയ ദൗത്യ നിർവഹണത്തിനായി, സ്ഥാനമാനങ്ങളും തന്റെ നാടിന്റെ സുരക്ഷിതത്വവും എല്ലാം ത്യജിക്കുവാൻ തയ്യാറായി അദ്ദേഹം. ചിലർ അങ്ങനെയാണ്. സുരക്ഷിതത്വം അല്ല അവർ ആഗ്രഹിക്കുക എല്ലാവരും ദൈവത്താൽ നിറയണം എന്ന ചിന്ത അവരുടെഉള്ളിൽ ഒരു കനൽ പോലെ ജ്വലിച്ചുകൊണ്ടിരിക്കും. അനുദിനമുള്ള ദൈവവചന ധ്യാനം, ദിവ്യകാരുണ്യനാഥനിൽനിന്നുള്ള പ്രചോദനം, തുടങ്ങിയവ ഈ കനലിനെ കത്തിജ്വലിപ്പിച്ചു. അധികാരികളുടെ അറിവോടും സമ്മതത്തോടുംകൂടി പുതിയ നിയോഗത്തിനായി ഭാരതത്തിലേക്ക്. കേരളത്തിലെ മലയോരജില്ലയായ ഇടുക്കിയിലെ ഹൈറേഞ്ച്! തണുപ്പും കോടയും വന്യമൃഗങ്ങളും അദ്ദേഹത്തിന് ഒരു പ്രശ്നമായിരുന്നില്ല. റോഡില്ല, ചികിത്സാസൗകര്യങ്ങളില്ല. പകർച്ചവ്യാധികളും വന്യമൃഗങ്ങളും നിമിത്തം ജീവിതം നഷ്ടപ്പെട്ട് കുടിയിറക്കു ഭീഷണിയുമായി നിസ്സഹായരായി,

ദൈവത്തിൽ അഭയംതേടുന്ന ഈ മക്കളുടെ മധ്യത്തിലേക്കാണ് ഹൈറേഞ്ചിന്റെ 'സായിപ്പച്ചൻ' ആഹാരവും മരുന്നും ഭവനവുമായി ദൈവദൂതനെപ്പോലെ കടന്നുവന്നത്.

ദൈവം ഭരമേൽപ്പിക്കുന്നവ ദൈവത്തോട് ചേർന്ന് എങ്ങനെ പൂർത്തിയാക്കാം എന്നതിന് ഉത്തമ ഉദാഹരണമാണ് കട്ടപ്പനക്കാർ സ്നേഹപൂർവ്വം 'വല്യച്ചൻ' എന്നുവിളിക്കുന്ന ബ്രദർ ഫോർത്തുനാത്തൂസ്. നീ തന്ന അഞ്ചു താലന്തുകൾ പത്തായി വർദ്ധിപ്പിച്ചു എന്ന് ദൈവസന്നിധിയിൽ അഭിമാനപൂർവ്വം പറയുവാൻ സാധിച്ച വ്യക്തിത്വം. തന്റെ സന്യാസസമൂഹത്തിന്റെ നിയമങ്ങളോ സന്യാസവസ്ത്രമോ തന്റെ ശുശ്രൂഷയ്ക്ക്തടസ്സമായില്ല, പകരം അത് കൂടുതൽ സുതാര്യതയും കരുത്തും പകർന്നു. റോഡുകൾ ഇല്ലാത്ത ഹൈറേഞ്ചിന്റെ മലനിരകളിലൂടെ കാൽനടയായി കടന്നുചെന്നു അധികാരികളുടെ അറിവോടും സമ്മതത്തോടും കൂടി അദ്ദേഹം നൂതനമായ കർമ്മപദ്ധതികൾക്ക് തുടക്കംകുറിച്ചു. നവസുവിശേഷവത്കരണദൗത്യവുമായി കട്ടപ്പനയിൽ എത്തിയ അദ്ദേഹത്തിന്റെ മനസ്സും ഹൃദയവും വേദനിക്കുന്നവരിലേയ്ക്ക് കടന്നുചെന്നു. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ മാത്രമല്ല ജീവനോപാധികളും നൽകി. ജീവിതമാർഗങ്ങൾ പറഞ്ഞുകൊടുത്തു. കുട്ടികൾക്ക് പ്രൈമറിവിദ്യാഭ്യാസം മുതൽ പ്രൊഫഷണൽകോഴ്സുകൾ വരെ പഠിക്കാൻ സഹായിച്ചു. ഇന്ന് കേന്ദ്ര സർക്കാർ വിഭാവനം ചെയ്യുന്നകാര്യങ്ങൾ വർഷങ്ങൾക്കുമുമ്പേ ഹൈറേഞ്ചിൽ വല്യച്ചൻ നടപ്പിലാക്കി. ഇടവക വികാരിമാരുടെയും വിൻസെന്റ് ഡിപോൾസൊസൈറ്റിയുടെയും സഹകരണത്തോടെ തന്റെ കർമപദ്ധതികൾ അദ്ദേഹം പൂർത്തീകരിച്ചു.. 'കരുണയുള്ളവർ ഭാഗ്യവാന്മാർ അവർക്കു കരുണ ലഭിക്കും' എന്ന ഈശോയുടെ വചനങ്ങൾ എന്നും അദ്ദേഹത്തെ കർമ്മനിരതനാക്കുവാൻ പ്രചോദിപ്പിച്ചു. കൊട്ടുംകുരവയും ഇല്ലാതെ, വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയാതെ മിഷൻപ്രവർത്തനം നടത്തി. 'ദൈവം നിങ്ങളെ സ്നേഹിക്കുന്നു' എന്ന് മലയോര മക്കളോടു പ്രഘോഷിച്ച ഈ മിഷനറി ഈശോയുടെ സാന്നിധ്യം അനേകർക്ക് പകർന്നുനൽകി ദൈവികവഴികളിലേക്ക് സഹജരെ നയിച്ചു. മാതൃരാജ്യം അദ്ദേഹത്തിന്റെ സേവനങ്ങളെ അംഗീകരിച്ച് 'മെറിറ്റ് ക്രോസ്'അവാർഡ് നൽകി ആദരിച്ചപ്പോൾ തന്റെ രണ്ടാം ജന്മദേശം നൽകേണ്ട അർഹമായ ബഹുമതികൾക്കായി കാത്തുനിൽക്കാതെ വേദനിക്കുന്ന പ്രിയമക്കളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിച്ച എളിയ സന്യാസി. അതെ, ദൈവം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ അംഗീകരിച്ചു. പ്രേഷിതമേഖലകളിലെ നവവീഥികൾ തുറന്നുകൊണ്ട് അദ്ദേഹത്തിന്റെ അഭിലാഷം നമുക്ക് പൂർത്തിയാക്കാം. ദൈവദാസന്റെ നിരന്തരമായ മാധ്യസ്ഥ്യം നമുക്ക് ലഭിക്കട്ടെ.





# കാഞ്ഞിരപ്പള്ളിയുടെ ഇടയൻ;

## അമ്പൂരിയുടെ മിഷനറി

**സി. റിയ റോസ് എസ്.സി.ജെ.ജി**


"എത്ര സമുന്നതമിന്നു പുരോഹിതാ നീ ഭരമേറ്റ വിശിഷ്ടസ്ഥാനം"

ഈ ഈരടികൾ ഇന്നും കർണപുടത്തിൽ അലയടിക്കുന്നുണ്ട്. ദീർഘനാളത്തെ പ്രാർത്ഥനയ്ക്കും ഒരുക്കത്തിനും ശേഷം ഏറെ പ്രതീക്ഷയോടെ ഉണർവ്വോടെ കർത്താവിനുവേണ്ടി സുവിശേഷവേല ചെയ്യാൻ സന്നദ്ധനായി നിൽക്കുമ്പോൾ ഫാ. മാത്യു അറയ്ക്കലിനെത്തേടി ഒരു നിയമന ഉത്തരവ് വന്നു: Appointed as Assi.Vicar, Estate Manager & Director Good Samaritan Hospital at Amburi.

"ഉജ്ജ്വലമീ പൂവിൻ വർണ്ണം സുന്ദരമല്ല,<br>
വിരിഞ്ഞു വരുമീ മലരിനുപടരും പരിമളമില്ല.<br>
എങ്കിലുമതിനെ പൂജയ്ക്കായി<br>
നീ തിരിച്ചു നിർത്തണമേ...."

തന്റെ ആദ്യനിയമന ഉത്തരവ് ഏറ്റവും ആത്മാർത്ഥതയോടെ നിർവ്വഹിക്കണമെന്ന നിശ്ചയദാർഢ്യവുമായി അവശ്യസാധങ്ങൾ ഒരു ട്രങ്കുപെട്ടിയിലാക്കി അമ്പൂരി തേടി ഒരു യാത്ര. ചങ്ങനാശ്ശേരിയിൽ നിന്ന് തമ്പാനൂർ ബസിൽ കയറണം. പക്ഷേ, ഈ ട്രങ്കുപെട്ടി ബസിനുള്ളിൽ കയറ്റില്ലല്ലോ. ഇസ്തിരിയിട്ട വടിവൊത്ത വെള്ള ളോഹ മടക്കികുത്തി ട്രങ്കുപെട്ടി ബസിനുമുകളിൽ കയറ്റി വയ്ക്കുമ്പോൾ തമ്പാനൂർ ബസ്റ്റാൻഡിൽ തന്നെയും കാത്തു നിൽക്കുമെന്ന ചിന്തയോടെ ബസ്റ്റാന്റിലെത്തി ചുറ്റും നോക്കി. അലസരായി കുത്തിയിരിക്കുന്ന ചില പ്രാചീന വേഷധാരികൾ. ചിലരുടെയൊക്കെ വിരൽത്തുമ്പിൽ ചെറിയ പുകയില ചുരുട്ട് കത്തുന്നു. കൊച്ചച്ചനെ ആരും തിരിച്ചറിഞ്ഞിട്ടുണ്ടാകുകേല. ആരും സഹായിക്കാൻ ഇല്ലാത്തതിനാൽ ബസ് പോകുന്നതിനുമുമ്പേ അച്ചൻതന്നെ ബസിനുമുകളിൽ ക്കയറി പെട്ടിയെടുത്തു. ഇനിയിപ്പോൾ അമ്പൂരി ജനങ്ങൾ അറിഞ്ഞില്ലായോ പുത്തനച്ചൻ വരുന്നത്! ചിലപ്പോൾ നിലമ്പൂരിലായിരിക്കും ജനങ്ങൾ വന്നു നിൽക്കുക. എന്തായാലും ഉണ്ടായ ചെറിയ മന:പ്രയാസം ഒരു നിശ്വാസത്തിലൊതുക്കി നിലമ്പൂർ ബസിനുമുകളിൽ പെട്ടി തള്ളിക്കയറ്റി. ഈ ട്രങ്കുപെട്ടി പ്രദക്ഷിണം അത്ര സുഗമമല്ലാത്തതിനാലാകണം മെല്ലെയൊന്ന് മയങ്ങി എഴുന്നേറ്റപ്പോഴേക്കും ബസ് നിലമ്പൂരെത്തി. പ്രതീക്ഷിച്ചതിന് വിപരീതമായി കൊടും ചൂടിൽ റബ്ബർമരത്തിൽ നിന്ന് ഉതിർന്നുവീണ ഉണങ്ങിയ ഇലകൾ അറയ്ക്കലച്ചന് സ്വാഗതമരുളി. തിരിച്ചുള്ള തിരുവനന്തപുരം വണ്ടിയും പുറപ്പെട്ടു കഴിഞ്ഞു. ഇനിയിപ്പോൾ മുന്നോട്ടുപോകണോ, അതോ തിരിച്ച് പോകണോ?

മുന്നോട്ടുവച്ച കാല് പിന്നോട്ടില്ല എന്ന നിശ്ചയദാർഢ്യത്തോടെ ട്രങ്ക് പെട്ടിയും തലയിൽ വച്ച് 5 മൈൽ നടന്ന് അമ്പൂരിയിലെത്തി. പരിമിതികളുടെ കൂടാരം തന്നെയായിരുന്നു 1970 കളിലെ അമ്പൂരി. തൊഴിലില്ലായ്മയും പട്ടിണിയും എല്ലാ ഭവനങ്ങളിലും ഭരണം നടത്തിയിരുന്നു. വികാരിയച്ചനെ നിയമന പത്രം ഏൽപ്പിച്ചശേഷം ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ തീരുമാനിച്ചു. ഡയറക്ടറായി സ്ഥാനമേൽക്കേണ്ട ഗുഡ് സമരിറ്റൻ ആശുപത്രിയിൽ എത്തി. അത്യാവശ്യത്തിനുമാത്രം വൈദ്യസഹായം നൽകുന്ന പ്രാഥമികാരോഗ്യകേന്ദ്രമായിരുന്നു ഇത്. റിസപ്ഷനിലിരിക്കുന്ന സിസ്റ്ററിനെ അഭിസംബോധന ചെയ്ത് കൈയ്യിലിരുന്ന നിയമന പത്രിക കൊടുത്തുകൊണ്ട് സ്വയം പരിചയപ്പെടുത്തി, ഞാൻ ഫാ.മാത്യു അറയ്ക്കൽ, പുതിയ ഡയറക്ടറായി ചുമതലയേൽക്കാൻ ചങ്ങനാശ്ശേരി അരമനയിൽ നിന്ന് അയച്ചതാണ്. ഇവിടിപ്പോൾ ഒരു ഡയറക്ടറുടെ ആവശ്യമില്ലച്ചോ.. എന്ന തന്മയത്വത്തോടെയുള്ള മറുപടിയാണ് സിസ്റ്ററിൽ നിന്നുണ്ടായത്. ആദ്യശ്രമം സ്വീകാര്യമായില്ലല്ലോയെന്നോർത്ത് അവിടെ നിന്ന് പടിയിറങ്ങി. എന്നാലിനി എസ്റ്റേറ്റിലേയ്ക്ക് പോകാം. ഇനിയിപ്പോൾ അവിടെന്താണാവോ ചെയ്യാനുള്ളത്... മാനേജർ അച്ചന്റെ മുമ്പിലെത്തി, "ചങ്ങനാശ്ശേരിയിൽ നിന്ന് എന്നെ അയച്ചതാ, പുതിയ എസ്റ്റേറ്റ് മാനേജരായി ചാർജ്ജ് ഏൽക്കുന്നതിന്," ഇത്ത



വണ കത്ത് കൊടുത്തില്ല, ചോദിച്ചാൽ കൊടു ത്താൽ മതിയല്ലോ എന്നാലോചിച്ച് തീരുംമുമ്പേ അച്ചൻ കസേരയിൽ നിന്ന് എഴുന്നേറ്റ് അടുത്തുവ ന്നു. തോളിൽ കൈയ്യിട്ട് ചേർത്ത് പിടിച്ചുകൊണ്ട് അച്ചൻ നടക്കാൻ തുടങ്ങി. അതേ അച്ചാ, ഇവി ടിപ്പോ വേറൊരു മാനേജരുടെ ആവശ്യം ഇല്ല, അച്ചൻ ചിരിച്ചുകൊണ്ടു പറഞ്ഞു. അപ്പോഴേക്കും വാതിലിന് പുറത്തെത്തിയിരുന്നു.

ആ യാത്ര അവസാനിച്ചത് ചങ്ങനാശ്ശേരി അരമനയിൽ പിതാവിന്റെ മുമ്പിലാണ്..'' എനിക്ക വിടെ ഒന്നം ചെയ്യാനില്ല പിതാവേ'' എന്നുപറഞ്ഞ് കാര്യങ്ങളൊക്കെ അവതരിപ്പിച്ചു. പിതാവ് പറഞ്ഞു'' അറയ്ക്കലച്ചാ, കാര്യങ്ങളൊക്കെ എനി ക്കറിയാം, അവിടെ അച്ചന് നിരവധി കാര്യങ്ങൾ ചെയ്യാനുണ്ട്. അമ്പൂരിയുടെ പരിവർത്തനം അത് അച്ചന്റെ കൈകൾകൊണ്ടാവണം എന്നുള്ളത് കു റിച്ചുവച്ചിട്ടുണ്ടാകാം. ധൈര്യമായി ചെല്ല്', ന്യായ മെന്നുതോന്നുന്നതൊക്കെ ചെയ്യുക. എപ്പോൾവേ ണമെങ്കിലും വിളിക്കാം''.അങ്ങനെ വീണ്ടും അമ്പൂ രിയിലേയ്ക്ക്...... അമ്പൂരിയിലെ ജനങ്ങളെ മുഴു വൻ അറയ്ക്കലച്ചൻ നേരിട്ട് കണ്ടു. അവരിലൊരു വനായി മാറി. യുവജനങ്ങളോടൊപ്പം തൊഴി ലില്ലായ്മ പരിഹരിക്കാനായിരുന്നു ആദ്യശ്രമം. അതിനായി ഒരു തൊഴിൽ സഹകരണസംഘം രൂപീകരിച്ചു. സെക്രട്ടറിയേറ്റിലെത്തി അന്നത്തെ മുഖ്യമന്ത്രി സി. അച്യുതമേനോനെ കണ്ട് അമ്പൂരി യുടെ അവസ്ഥ ബോധ്യപ്പെടുത്തി. നെയ്യാറ്റിൻകര യിൽ നടക്കുന്ന കനാൽ നിർമ്മാണം തദ്ദേശി യർക്ക് നൽകിയാൽ ഒരു പരിധിവരെ അവരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമാകുമെന്നാശയം അച്ചൻ മുന്നോട്ടുവച്ചു. ഇതംഗീകരിച്ച മുഖ്യമന്ത്രി സർക്കാർ സഹായധനമായി 5 ലക്ഷം രൂപ അനുവ ദിച്ചു. കോഴിവളർത്തൽ പരിശീലനം, ക്ഷീരക്കർ ഷക സംഘം തുടങ്ങി വിവിധ വരുമാന സ്രോത സ്സുകൾക്ക് അച്ചൻ ആരംഭം കുറിച്ചു. മുട്ടകൾ മാർ ക്കറ്റിലെത്തിച്ച് പണം ജനങ്ങളിൽ എത്തിക്കാൻ അ ച്ചൻതന്നെ മുന്നിട്ടിറങ്ങി. അങ്ങനെ വിവിധ നവീനാ ശയങ്ങളിലൂടെ അമ്പൂരി നിവാസികളെ പരിതാപക രാവസ്ഥയിൽ നിന്ന് കരകയറ്റുവാൻ ഫാ. മാത്യു അറയ്ക്കൽ എന്ന മിഷനറിക്ക് സാധിച്ചു.

മിഷൻ പ്രവർത്തനമെന്നാൽ മതപരിവർത്തനവും വിശ്വാസം സംരക്ഷാർത്ഥത്യാഗങ്ങളും ലോകത്തി ന്റെ വിവിധ കോണുകളിലെ പ്രവർത്തനങ്ങളും മാത്രമല്ല , കാലത്തിന്റെ അടയാളങ്ങളും ദൈവജന ത്തിന്റെ നിലവിളികളും വേർതിരിച്ചറിഞ്ഞ് താൻ ആയിരിക്കുന്നിടത്ത് സേവനം നടത്തുകയെ ന്നതാണ്. അത് മന:പരിവർത്തനമാണ്. മിഷൻ പ്രവർത്തനങ്ങളുടെ പ്രസക്തിയെക്കുറിച്ച് ചിന്തി ക്കുമ്പോൾ '' മറ്റുള്ളവർ നിങ്ങൾക്കുനേരെ കല്ലെറി യുന്നുണ്ടെങ്കിൽ നിങ്ങൾ അവയെ നാഴികകല്ലുക ളാക്കി മാറ്റുക'' എന്നമനോഭാവത്തോടെ പ്രതിസ ന്ധികളെ നേരിട്ട ഫാ. മാത്യു അറയ്ക്കൽ എന്ന മി ഷനറി നമ്മുടെ രൂപതയുടെ നല്ലിടയനാണെന്ന അ ഭിമാനം, നമ്മുടെ മിഷൻ പ്രവർത്തനങ്ങൾക്ക് കൂടു തൽ ഉന്മേഷം പകരട്ടെ.



# യുദ്ധഭൂമിയിലെ ജീവസാക്ഷ്യം

ഫാ. ജോൺസൺ മാതാളിക്കുന്നേൽ

ഹിമസാനുക്കൾ തലയുയർത്തി നിൽക്കുന്ന കാശ്മീർ മണ്ണിൽ, ജീവ-മരണ പോരാട്ടങ്ങൾക്കുമുമ്പിൽ സ്നേഹം കർമ്മമാക്കുന്ന മിഷൻ സാന്നിദ്ധ്യങ്ങൾ സ്മരിക്കപ്പെടേണ്ടതാണ്. മനുഷ്യത്വത്തെ അതിർവരമ്പുകൾക്കുള്ളിലാക്കി നന്മയെ തമസ്കരിക്കുന്ന ദേശത്ത് സമാധാനത്തിന്റെ ദൂതുമായി വന്നെത്തിയ മിഷനറിമാർക്കുള്ളിൽ ഈശോയുടെ തീക്ഷണതയാണുള്ളത്. മലയിടുക്കുകളും മലമ്പാതകളും മണ്ണിന്റെ ഗന്ധവുമുള്ള ഇടുക്കിയിലെ വിമലഗിരിയിൽ നിന്നും ഫാ. വർക്കി തെങ്ങനാംകുന്നേലിനൊപ്പം 1988-ൽ ട്രെയിൻ കയറിയപ്പോൾ ഞാൻ മനസ്സിലാക്കിയിരുന്നില്ല ഈ ജീവിതത്തിന്റെ സാഹസികതയെന്തെന്ന്! അജഗണങ്ങളുടെ ഗന്ധമറിയുന്ന അജപാലകനാകുകയെന്ന സ്വപ്നമായിരുന്നു എനിക്കും.

നല്ല കാലാവസ്ഥയും രുചിയേറിയ ആഹാരവും ഉപേക്ഷിച്ച് ഞാൻ ജമ്മുവിലെ ആദ്യരൂപതായുടെ ആദ്യമൈനർ സെമിനാരിയിലെ ആദ്യ ബാച്ചിൽ ചേർന്നു. ഗവൺമെന്റ് സ്കൂളിൽ പ്ലസ് റ്റു പഠനം പൂർത്തീകരിച്ചു. പൂനെയിലെ ഉപരിപഠനത്തിനു ശേഷം 1998-ൽ ബിഷപ് ഹിപ്പോളിറ്റസ് കുന്നുംങ്കലിന്റെ കൈവപ്പ് ശുശ്രൂഷവഴി തിരുപട്ടം സ്വീകരിച്ചു. അന്നത്തെ ബാച്ചിൽ ഞാൻ ഒഴികെയുള്ളവരെല്ലാം പലവഴിക്കായി തിരിഞ്ഞു. ഈ സംസ്ഥാനം മൂന്നു പ്രൊവിൻസാണ്. ജമ്മുവിൽ ഹിന്ദുക്കളും കാശ്മീരിൽ മുസ്ലീംസും ലഡാക്കിൽ ബുദ്ധമതക്കാരുമാണ് കൂടുതലായുള്ളത്. ഔദ്യോഗിക ഭാഷയാകട്ടെ ഉറുദുവും. ഈ നാടിന്റെ പ്രതികൂല സാഹചര്യങ്ങൾ നൽകിയത് മറക്കാനാവാത്ത ഓരോ അനുഭവങ്ങളായിരുന്നു. ഇവയിലൂടെ നേടിയ അറിവും മനക്കരുത്തും മിഷന്റെ തീക്ഷണത വർദ്ധിപ്പിക്കനേ നിമിത്തമായുള്ളൂ.

കാർഗിൽ യുദ്ധ കെടുതികളും അഭയാർത്ഥി ക്യാമ്പുകളിലെ പ്രവർത്തനവുമാണ് വൈദികനായതിനുശേഷം ആദ്യവർഷം എന്നിൽ ഭരമേൽപ്പിക്കപ്പെട്ടത്. പ്രാണരക്ഷാർത്ഥം ഓടിയെത്തിയവർക്കായി അവശ്യസാധനങ്ങൾ എത്തിച്ചുകൊടുക്കുകയെന്നതായിരുന്നു ആദ്യ മിഷൻ. 2014-ലെ ജമ്മു വെള്ളപ്പൊക്ക ദുരിതമേഖലയിൽ പട്ടാളക്കാരോടൊപ്പമുള്ള രക്ഷാപ്രവർത്തനവും ഒറ്റപ്പെട്ടുപോയ



മൂന്ന് വൈദികർക്ക് സഹായം എത്തിച്ചതുമെല്ലാം മിഷൻ ജീവിതത്തിലെ എന്റെ അനുഭവമാണ്. 2016-ലെ ഉറി ഭീകരാക്രമണം നടന്നത് ഞാൻ സേവനം ചെയ്യുന്ന ബാരമുളയുടെ അടുത്ത നഗരത്തിലാണ്. പുൽവാമ്മ ചാവേർ ആക്രമണ സമയത്ത് 12 കിലോമീറ്റർ അകലെയുള്ള ശ്രീനഗിലെ



ഹോളിഫാമിലി പള്ളിയിലായിരുന്നു ഞാൻ. അടുത്ത നിമിഷം എന്തു സംഭവിക്കും എന്നറിയാത്ത, ഭയം ജനിപ്പിക്കുന്ന അന്തരീക്ഷ മാണ് കാശ്മീരിന്റേത്. കുർബ്ബാനയർപ്പണത്തി നായി എത്തുമ്പോൾ പ്രാർത്ഥിക്കണം അച്ചാ എന്നു പറഞ്ഞെത്തുന്ന പട്ടാളക്കാരുണ്ട്. ബെൽറ്റിന്റെ ഒരറ്റത്ത് വെടിയുണ്ടയും മറ്റൊരറ്റത്ത് കൊന്തയും മായി തോക്കേന്തി നിൽക്കുന്ന ജീവിതങ്ങളെ കാണുമ്പോൾ, നാം ദൈവത്തോട് എത്രമാത്രം അ ടുത്തായിരിക്കണം എന്ന് വീണ്ടും വീണ്ടും ഓർമ്മി പ്പിക്കുകയാണ്. മരണത്തെ മുഖാമുഖം കാണുന്ന ഈ രാജ്യത്തിന്റെ കാവൽക്കാർ പറ്റുന്ന സമയങ്ങളി ലൊക്കെ കുമ്പസാരിച്ച് വിശുദ്ധ കുർബ്ബാന സ്വീക രിച്ച് മടങ്ങിപോകുന്നത് കാണുമ്പോൾ നമ്മുടെ ഹൃദയം അറിയാതെ വിതുമ്പിപോകും.

കേരളത്തിലേതുപോലെ പരസ്യമായി കൺവെൻ ഷനുകളൊന്നും നടത്തുവാൻ ഇവിടെ സാധിക്കുക യില്ല. മറ്റൊരു മതത്തിൽ നിന്ന് ക്രിസ്തുമതം സ്വീക രിച്ചവരെ ഒറ്റപ്പെടുത്തുന്ന അവസ്ഥയും ഉണ്ട്. ക്രിസ്തുമത വിശ്വാസിയായ എന്റെ ഇടവകയിലെ ഒരു വ്യക്തി, തന്റെ അമ്മയെ കാണുവാനായി കാല ങ്ങൾക്കുശേഷം സ്വന്തം നാട്ടിയെത്തിയപ്പോൾ കൊല്ലപ്പെട്ടു. ഇത്തരം സാഹചര്യങ്ങളിലൂടെ ക്രിസ് തുവിനെ അറിഞ്ഞ് അവിടുത്തേയ്ക്കായി ജീവിക്കു കയെന്നത് കാശ്മീരുപോലെയുള്ള സ്ഥലങ്ങളിൽ കഠിനമായ യജ്ഞം തന്നെയാണ്.

ആകെയുള്ള കിടപ്പാടം പാക് ഷെല്ലാക്രമണത്തിൽ തകർന്നുവീഴുന്നതു നോക്കി നിൽക്കേണ്ടി വരുന്ന ജനതയ്ക്ക് സ്വജീവനുകൾ നഷ്ടപ്പെടാതിരിക്കാൻ ആക്രമണം തുടങ്ങുമ്പോഴേ ബംഗറുകളിലേയ്ക്ക് ഓടിയൊളിക്കേണ്ടിവരുന്നു. ഭൂമിക്കടിയിൽ കോൺ ക്രീറ്റുകൊണ്ടു നിർമ്മിച്ച ഗുഹകളാണ് ബംഗ റുകൾ. സ്കൂളുകളുടേയും അവസ്ഥ ഇതുതന്നെ. ഇത്തരം ആക്രമണങ്ങളിൽ അനാഥരായ കുട്ടികൾക്ക് ഇടയനും ഒരു അപ്പനുമായി മാറുവാനുള്ള വലിയ കടമയാണ് കാശ്മീരിലെ മിഷൻ ജീവിതത്തിലുള്ളത്. സെന്റ് പീറ്റേഴ്സ് മി ഷൻ ഇൻ ചാർജ്ജായിരിക്കുമ്പോഴാണ് ലഡാ ക്കിലെ ജീവിതസാഹചര്യം മനസ്സിലാക്കുന്നത്. മൈനസ് ഡിഗ്രിയാണ് അവിടുത്തെ. ആ സമയങ്ങ ളിൽപോലും സ്ഥിരമായി വൈദ്യുതിയോ ചികി ത്സാ സൗകര്യങ്ങളോ ഒന്നുംതന്നെയില്ല. ഇവിടെ യൊക്കെയുള്ള മിഷൻ പ്രവർത്തനങ്ങൾ എത്രയോ ചലഞ്ചിങ്ങാണ്. അന്നൊപ്പമുണ്ടായിരുന്ന സന്യസ് തരുടെയും മറ്റ് വൈദികരുടേയും വലിയ സേവന ങ്ങൾ ഞാൻ ഓർക്കുകയാണ്. ജമ്മു-ശ്രീനഗർ രൂപ തയ്ക്ക് ഇരുപത്തിയഞ്ചോളം സ്കൂളുകളും നാല് പതോളം ഇടവകകളുമുണ്ട്. ഇന്ത്യുടെ വിവിധ ഭാ ഗങ്ങളിൽനിന്നുള്ള സമർപ്പിതരുടെ കൂട്ടായ്മ യാണ് ഇവിടെയുള്ളത്. വിദ്യാഭ്യാസം, ആരോഗ്യപ രിപാലനം, സോഷ്യൽ വർക്ക് തുടങ്ങിയ ഫീൽഡി ലാണ് ഈ ഗ്രൂപ്പ് പ്രവർത്തിക്കുന്നത്. മിശിഹായ് ക്കുവേണ്ടി ഇവിടെ ശുശ്രൂഷ തുടർന്നുകൊണ്ടു പോകുവാൻ തന്നെയാണ് ഞാനുൾപ്പെടുന്ന ഓരോ മിഷനറിയുടെയും ആഗ്രഹം.



# ഛാന്ദിപ്പുട്ടിന്റെ തണൽച്ചില്ല

സി. ബീന കുര്യാക്കോസ് എസ്.സി.ജെ.ജി.

'കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്, ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു' (ലൂക്ക 4:18-19).

പിതാവായ ദൈവത്തിന് ഈശോയെക്കുറിച്ചുണ്ടായിരുന്ന ദൗത്യം ഈ ലോകത്ത് പൂർത്തിയാക്കപ്പെട്ടതാണ് മുകളിൽ ഉദ്ധരിച്ച വചനം വ്യക്തമാക്കുക.

'നിങ്ങൾ ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (ലൂക്ക. 16:16) എന്നു പറഞ്ഞുകൊണ്ട് ഈശോ ശിഷ്യസമൂഹത്തിന് പ്രേഷിതദൗത്യം നല്കി അയയ്ക്കുന്നു. സഭയുടെ ചരിത്രത്തിൽ ഇടംപിടിച്ച് വിശുദ്ധർ തങ്ങളുടെ ദൈവികദൗത്യം പൂർത്തിയാക്കി, വഴിയോരങ്ങളിൽ തീപന്തമായും, വറചട്ടിയിൽ വെന്തും, വാളിന് ഇരയായും മൃഗങ്ങൾക്ക് ഭക്ഷണമായും തോക്കിനുമുന്നിൽ ഛിന്നഭിന്നമായും അവരുടെ യാത്ര പൂർത്തിയാക്കിയ ചരിത്രം നമുക്കുണ്ട്.

വിശുദ്ധ ജോൺ ഓഫ് ഗോഡും ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസും പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളുടെ ശബ്ദമായി ആതുരശുശ്രൂഷാരംഗത്ത് തിളങ്ങുന്ന മുത്തുകളാണ്. സകല മനുഷ്യരും ദൈവപുത്രരാണെന്നും എല്ലാവരും രക്ഷിക്കപ്പെടണമെന്നും, ഓരോരുത്തരും തങ്ങളെത്തന്നെ ഏകപുത്രനു അനുരൂപരാകുവാൻ ആദിയിൽതന്നെ നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണെന്നും (റോമ. 8: 28-30) ഉള്ള ഏറ്റവും പ്രകാശമേറിയ സുവിശേഷം, ഏറ്റവും ദരിദ്രരിൽ ദരിദ്രരായവരെപ്പോലും അറിയിക്കാൻ ദൈവപിതാവിൽനിന്ന് പരിശുദ്ധാത്മാവിനെ സ്വീകരിച്ചവരാണ് വി. ജോൺ ഓഫ് ഗോഡും ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസും. മറ്റനേകം വിശുദ്ധരോടൊപ്പം ഇവർ രണ്ടുപേരും കേരളമണ്ണിലും ഇന്ത്യയിലും പാർശ്വവൽക്കരിക്കപ്പെട്ട ജനത്തിന്റെ ശബ്ദമായി. ദൈവദാസനിലൂടെ സ്ഥാപിതമായ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സമൂഹത്തിന്റെ നീണ്ട പ്രാർത്ഥനയ്ക്കും ചിന്തയ്ക്കും ശേഷം 2010, 2011 വർഷങ്ങളിലെ മിഷൻയാത്രയുടെ ഫലമായി രൂപം എടുത്തതാണ് ഒഡീഷായിലെ ബ്രഹ്മപൂർ രൂപതയിലെ ഛാന്ദിപുട്ട് ഇടവക.

'കർത്താവ് അരുളിച്ചെയ്യുന്നു. ശക്തരിൽ നിന്ന് അടിമകളെ വിടുവിക്കുക, സ്വേഛാധിപതിയിൽ നിന്ന് ഇരയെ രക്ഷിക്കുകയും ചെയ്യും. എന്തെന്നാൽ നിന്നോട് പോരാടുന്നവരോട് ഞാൻ പോരാടുകയും തന്റെ മക്കളെ രക്ഷിക്കുകയും ചെയ്യും' (ഏശ. 49:25). ഈ വചനം ഇവിടുത്തെ ഛാന്ദിപ്പുട്ട് ജനതയുടെ പ്രതീക്ഷയുടെ സ്വരമാണ്.

ഇടയനില്ലാത്ത ആടുകളെപ്പോലെ ഒരുകൂട്ടം ക്രൈസ്തവർ. സ്വന്തമായി ഒരു ഇടവകപള്ളിയില്ല, കോൺവന്റ് ഇല്ല, വി.കുർബ്ബാന അർപ്പിക്കാൻ സ്ഥലമില്ല, ഒരു വൈദികനെ സ്ഥിരമായി നല്കുവാനും സാധിക്കാത്ത അവസ്ഥ. ഈ സാഹചര്യത്തിലാണ് സെന്റ് ജോൺ ഓഫ് ഗോഡ് സമൂഹം കടന്നുവരന്നത്. ഒറീസ എന്ന് കേട്ടിട്ടുമാത്രമേ ഉള്ളു. അവിടുത്തെ ഭാഷ, സംസ്കാരം, ഭക്ഷണം, ജീവിതരീതി ഇവയൊന്നുമറിയില്ല, അറിയുമ്പോഴാണല്ലോ ആശങ്ക ഉണ്ടാകുക. ആദ്യകാലങ്ങളിൽ ഞങ്ങളുടെ കൈയ്യും കാലും കണ്ണുമൊക്കെ ആശയവിനിമയ മാർഗ്ഗങ്ങളായിരുന്നു. ഇന്ന് ഞങ്ങൾ അവർക്കൊപ്പമാണ്. ഈ ഒൻപത് വർഷത്തിനുള്ളിൽ സെന്റ് ജോൺ ഓഫ് ഗോഡ് സമൂഹത്തിന് ഛാന്ദിപ്പുട്ടിലെ മക്കളുടെ ഹൃദയത്തിൽ ഇടം പിടിക്കാൻ പറ്റി. തുടക്കത്തിൽ 9 ഗ്രാമങ്ങൾ നമ്മോട് ഒന്നുചേർന്ന് നിന്നിരുന്നു. ഇന്ന് അത് 74 ആയി. ഈ ജനത്തിന് അമ്മയും സഹോദരിയും സ്നേഹിതയുമായിത്തീരാൻ ഞങ്ങൾക്ക് സാധിക്കുന്നു. നല്ലവരായ വൈദികരുടെ സഹായങ്ങളുടെയും പ്രാർത്ഥനയുടെയും ഫലമാണിവയെന്ന് ഞങ്ങൾ ഓർക്കുന്നു.

ശക്തമായ ദൈവം ബലഹീനമായ കരങ്ങളിലൂടെ പ്രവർത്തിക്കുന്നു. കൊച്ചുകൊച്ചു ഗ്രാമങ്ങൾ

സന്ദർശിക്കുന്നതിലൂടെ ജനങ്ങളുടെ മനസ്സ് വായിക്കുവാൻ ഞങ്ങൾക്ക് സാധിച്ചു. നനഞ്ഞൊഴുകുന്ന കൂരയ്ക്കുള്ളിലിരുന്ന് പ്രാർത്ഥിക്കുന്ന ഒരു പറ്റം ജനം. ഇവർക്കൊരുമിച്ചിരുന്ന് പ്രാർത്ഥിക്കാൻ ഒരു വില്ലേജ് ചാപ്പൽ എന്നത് സമൂഹത്തിന്റെ സ്വപ്നമായിരുന്നു. ഇവിടെ 5 ചെറിയ വില്ലേജ് ചാപ്പലുകൾ നിർമ്മിക്കാൻ സാധിച്ചു.

ചാവറയച്ചന്റെ ' പള്ളിയോടുകൂടെ പള്ളിക്കൂടം' എന്ന ആദർശം പോലെ കോൺവെന്റിനോടുകൂടെ കുട്ടികൾക്കായി ഹോസ്റ്റൽ എന്ന സ്വപ്നവും ഫലമണിഞ്ഞു. ഇന്ന് നൂറു കുട്ടികൾക്ക് എല്ലാ സൗകര്യങ്ങളോടുംകൂടെ പഠിക്കുവാനുള്ള ഹോസ്റ്റൽ സൗകര്യമുണ്ട്. കെ.ജി സെക്ഷനും (പ്ലേ സ്കൂൾ) ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കാരിസം പ്രാവർത്തികമാക്കത്തക്കവിധം ഒരു മെഡിക്കൽ ക്ലിനിക്കും ഇവിടെ പ്രവർത്തിക്കുന്നണ്ട്. ജാതിമതവർഗ്ഗ ഭേദമന്യേ വില്ലേജുകളിൽ ആരോഗ്യ പരിപാലനത്തിനായി ക്ലാസ്സുകളും സെമിനാറുകളും പരിശീലനവും നടത്തിവരുന്നു.

നമ്മെപ്പോലെ ജീവിക്കാൻ അർഹതപ്പെട്ട ഒരു ജനം ഈ ലോകത്തിന്റെ മുക്കിലും മൂലയിലും ഉണ്ടെന്ന് നമുക്കോർക്കാം. 'കർത്താവ് സീയോനെ ആശ്വസിപ്പിക്കും, അവളുടെ വിജനപ്രദേശങ്ങളെ സ്വാന്തനപ്പെടുത്തും. അവളുടെ മരുപ്രദേശങ്ങളെ ഏദേൻപോലെയും മണലാരണ്യങ്ങളെ കർത്താവിന്റെ തോട്ടംപോലെയും ആക്കും. സന്തോഷവും ആനന്ദവും നന്ദിപ്രകടനങ്ങളും ഗാനാലാപനങ്ങളും അവളിൽ നിറയും' (ഏശ. 51:3). തീർച്ചയായും കർത്താവ് ഛാന്ദിപ്പുട്ട് ജനതയെ ആശ്വസിപ്പിക്കും, സ്വന്തമാക്കും. നഷ്ടപ്പെട്ട ഏദേൻതോട്ടം തിരികെ കിട്ടും.

നല്ല സമരിയാക്കാരന്റെ ഉപമയിൽ (ലൂക്ക. 10 :34) വഴിയാത്രക്കാരൻ സത്രം സൂക്ഷിപ്പുകാരന് രണ്ടു ദനാറ നൽകിയിട്ട് പറഞ്ഞു, കൂടുതൽ എന്തെങ്കിലും ചിലവായാൽ ഞാൻ തിരികെ വരുമ്പോൾ തരാം. ഈ രണ്ട് ദനാറയാണ് വി. കുർബ്ബാനയും ദൈവവചനവും. ഇവ നമ്മുടെ കയ്യിലുണ്ട്. പ്രിയപ്പെട്ട യുവജനങ്ങളെ കുഞ്ഞനുജത്തിമാരെ, നമ്മുടെ കൈയ്യിലുള്ള ഈ ദനാറ ലോകത്തിന്റെ മുക്കിലും മൂലയിലുമുള്ള ജനങ്ങളിൽ എത്തിക്കാൻ ദൈവം നിങ്ങളെ വിളിക്കുന്നു. സെന്റ്. ജോൺഓഫ് ഗോഡ് സമൂഹം കാത്തിരിക്കുന്നു. ധീരതയോടെ ക്രിസ്തുവിന്റെ പടയാളികളേപ്പോലെ കടന്നുവരൂ !!!



# ആർമ്മി ക്യാമ്പിലെ അജപാലനം

സി. രമ്യാ മാത്യു എസ്.സി.ജെ.ജി.



താളം തെറ്റാത്ത യാത്രയിലൂടെ ഭൂമിയിലെ ജീവിതം പൂർത്തിയാക്കുവാൻ നിയോഗിക്കപ്പെട്ടവരാണ് നമ്മൾ. അനുഭവങ്ങളും, സാഹചര്യങ്ങളും, പ്രചോദനങ്ങളും ഈ യാത്രയെ ഒരു പക്ഷേ, വ്യത്യസ്ത വഴിയിലൂടെ ലക്ഷ്യത്തിലെത്തിക്കാൻ നിമിത്തമാകാം. എന്നിരുന്നാലും വിവേകപൂർണ്ണമായ തെരഞ്ഞെടുപ്പാണ് മറ്റൊരു ഘടകം. അങ്ങനെ വ്യത്യസ്തമായൊരു വഴിയിലൂടെ തന്റെ പൗരോഹിത്യ ജീവിതത്തെ ധന്യമാക്കുകയാണ് ഇന്ത്യൻ ആർമ്മിയിൽ സേവനമനുഷ്ഠിക്കുന്ന യുവവൈദികൻ, ഫാ. ജിസ് ജോസ് കിഴക്കേൽ. തന്നിൽ ഭരമേൽപ്പിക്കപ്പെട്ട മിഷൻ ദൗത്യത്തെ പുതിയ വഴികളിലൂടെ എങ്ങനെ പ്രാവർത്തികമാക്കാം എന്ന ചിന്തയിലൂടെ ഉടലെടുത്തതാണ് ഒരു 'പട്ടാളക്കാരനായ വൈദികൻ' എന്നത്.

1986 ഏപ്രിൽ 7 നു തൊടുപുഴക്കടുത്തുള്ള കല്ലൂർകാട് എന്ന സ്ഥലത്ത്, ജോസ്-വൽസ ദമ്പതികളുടെ രണ്ടാമത്തെ മകനായി ജനിച്ച ഫാ.ജിസ് പ്രാഥമികസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം, 2001ൽ ചെറുപുഷ്പ സഭയിലെ സെന്റ് ജോസഫ്സ് പ്രൊവിൻസിൻസിലെ അംഗമായി ചേർന്നു. വ്യത്യസ്തത ഏറെ ഇഷ്ടപ്പെട്ടിരുന്നതിനാലാകാം, ആർമ്മിയിലേയ്ക്ക് വൈദികരെ ക്ഷണിച്ചുകൊണ്ടുള്ള പത്രക്കുറിപ്പ് ശ്രദ്ധയിൽപെട്ടപ്പോൾ അതിന്റെ സാധ്യതകളേക്കുറിച്ച് കൂടുതൽ അറിയുവാൻ താല്പര്യം തോന്നിയത്. ജീവതത്തിലെ നിറമുള്ള യൗവ്വനം മാതൃരാജ്യത്തിനായി സമർപ്പിക്കുന്നവർക്കിടയിൽ ഒരു വൈദികന്റെ സാന്നിദ്ധ്യം ഏറെ വിലയുള്ളതാണെന്നു ബോധ്യമായി. സഭാധികാരികളുടേയും സൈനികരായ സുഹൃത്തുക്കളുടേയും പിന്തുണ ലഭിച്ചതോടെ ആർമ്മി ക്യാമ്പിലെ അജപാലനദൗത്യം ഇഷ്ടപ്പെടുകയായിരുന്നു MCA ക്കാരനുംകൂടിയായ ഫാദർ ജിസ്.

പാശ്ചാത്യരാജ്യങ്ങളിൽ ആർമിയിലെ വൈദികജീവിതം സാധാരണമാണെങ്കിലും, നാനാമതസ്ഥരുള്ള ഇന്ത്യയിലെ സൈനികജീവിതം ബുദ്ധിമുട്ടുകളും,



സാഹസികതകളും നിറഞ്ഞതായിരിക്കും എന്ന ഉറച്ച ബോധ്യത്തോടെതന്നെയാണ് അദ്ദേഹം പൗരോഹിത്യത്തിന്റെ ഈ പുതിയ മിഷൻ തിരഞ്ഞെടുത്തത്.

2018 ൽ കർണാടകയിലെ ബഗൽകോട്ടിൽ വച്ചു നടന്ന ശാരീരികക്ഷമതാ ടെസ്റ്റിൽ യോഗ്യതനേടി. തുടർന്ന് പൊതു പ്രവേശനപരീക്ഷയിൽ വിജയം നേടിയതോടുകൂടി അവസാന ഇന്റർവ്യൂ അനായാസമായി. ഒന്നരവർഷത്തെ കഠിനപരിശീലനത്തിനുശേഷം, 2019 മെയ് 4 നാണ് ജിസ് കിഴക്കേൽ എന്ന വൈദികൻ, പൂനയിലെ ആർമി അക്കാഡമിയിൽവച്ച്, 'മതാധ്യാപകൻ' എന്നർത്ഥമുള്ള 'നൈബ്സുബേദാർ' എന്ന സൈനിക റാങ്കിൽ നിയമിതനായത്. സീറോ-മലബാർ റീത്തിൽ നിന്നും ആദ്യമായി ആർമിയിൽ എത്തിച്ചേരുന്ന വൈദികനായ ഫാ. ജിസ് തന്റെ മിഷനേക്കുറിച്ചുള്ള വ്യത്യസ്തമായ കാഴ്ചപ്പാടുകളും പുതിയ ഉത്തരവാദിത്തങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കുകയാണിവിടെ.

പ്രതിരോധസേവനനിയമത്തിന്റെ (DSR) 1385 അനിച്ഛേദമനുസരിച്ചു'മതാധ്യാപകൻ' എന്ന തസ്തികയാണ് സൈനികക്യാമ്പിൽ ഫാദർ ജിസിനു ലഭിച്ചിരിക്കുന്നത്. ഔദ്യോഗിക ചടങ്ങുകളിൽ സ്ഥാനചിനഹനങ്ങളും പട്ടാളവേഷവും ധരിക്കണമെങ്കിലും മതാചാരങ്ങളിൽ വൈദിക വേഷം ഉപയോഗിക്കാം. ജവാന്മാരുടെ പ്രശ്നങ്ങളിൽ എപ്പോഴും ഇടപെടാനും, അവർക്കുവേണ്ട മാർഗനിർദേശങ്ങൾ നൽകാനും ഫാ. ജിസ്സിന് അധികാരമുണ്ട്. കമാൻഡർ ജവാന്മാരുടെ ശാരീരിക ക്ഷമത ശ്രദ്ധിക്കുമ്പോൾ, അവരുടെ ആത്മീയകാര്യങ്ങളുടെ മേൽനോട്ടമാണ് ഫാദർ ജിസ്സിന്. മതപരമായ കാര്യങ്ങളിൽ കമാൻഡർ ഓഫീസർക്ക് ഉപദേശകനായും, ധാർമ്മികവും ആത്മീയപരവുമായ കാര്യങ്ങളിൽ എല്ലാ റാങ്കിലുംപെട്ട ഉദ്യോഗസ്ഥർക്ക് മാർഗനിർദേശകനായും, ആത്മീയശുശ്രൂഷകളുടെയും, ആഘോഷങ്ങളുടെയും, ആത്മീയസ്ഥാപനങ്ങളുടെയും മേൽനോട്ടക്കാരനായും, സൈനികക്യാമ്പുകളിലെ മത സൗഹാർദ്ദ പ്രവർത്തനങ്ങളിൽ കമാൻഡറിന്റെ സഹായിയായും പ്രവർത്തിക്കേണ്ട ചുമതല സൈനികക്യാമ്പിലെ ഒരു പുരോഹിതനിൽ നിക്ഷിപ്തമാണ്. രോഗീലേപനം, മരണാനന്തരചട



ങ്ങുകൾ തുടങ്ങിയ തിരുകർമ്മങ്ങൾ മറ്റു വൈദികരെ പോലെതന്നെ സൈനികക്യാമ്പിലും അദ്ദേഹത്തിന്റെ ചുമതലകളിപെടുന്നവയാണ്.

ദേശിയോദ്ഗ്രഥനം നടപ്പാക്കുന്നതിൽ ഒരു വലിയ പങ്ക് മതപുരോഹിതനുള്ളതാണ്. എല്ലാ റാങ്കിലും രാജ്യത്തിന്റെ സാംസ്കാരികപൈതൃകം അഭിവൃദ്ധിപ്പെടുത്തുക, വിവിധ മതസ്ഥരുടെയി ടയിൽ മതസഹിഷ്ണതയും ഒരുമയും പ്രോൽസാഹിപ്പിക്കുക, മഹത്വ്യക്തികളുടെയും വിശുദ്ധരുടെയും ജീവിത കഥകൾ പരിചയപ്പെടുത്തുക, സാഹോദര്യത്തിന്റെയും, നന്മയുടേയും ജീവിതദർശനങ്ങളെ പറഞ്ഞുമനസിലാക്കുക തുടങ്ങിയ ഔദ്യാഗികചുമതലകളാണ് സൈനികക്യാമ്പിലെ ഒരു മതപുരോഹിതനുള്ളത്. കൂടാതെ, രോഗീസന്ദർശനം , കൗൺസിലിംഗ്, മാർക്ഷനിർദ്ദേശങ്ങൾ നൽകുക തുടങ്ങിയ ജോലികളും ഇതിൽ ഉൾപ്പെടുന്നു.

ആർമിയിലെ പുരോഹിതനും മറ്റുസൈനികരെപോലെതന്നെ എപ്പോഴും രാജ്യത്തിനും വേണ്ടി കർമ്മനിരതനായിരിക്കണം. അതിനുവേണ്ടിയുള്ള കായികാഭ്യാസങ്ങളും വൈദികന് ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. സൈനികരുടെ കുട്ടികളുടെ പഠനകാര്യങ്ങളിലും ശ്രദ്ധിക്കേണ്ടതുണ്ട്.

സൈനിക ജോലി ചെയ്യുന്നതുകൊണ്ടുതന്നെ അതിന്റേതായ പരിമിതികളും ഉണ്ട്. ആവശ്യാനുസരണം നമുക്ക് എപ്പോഴും യാത്ര ചെയ്യുവാനോ ചുറ്റി സഞ്ചരിക്കുവാനോ സാധിക്കില്ല. എപ്പോഴും അധികാരികളുടെ കീഴിലായിരിക്കും. അതിന്റേതായ ചിട്ടകളും നിയമങ്ങളുമൊക്കെ പാലിക്കാൻ ബാധ്യസ്ഥരാണ്. ആർമ്മി ക്യാമ്പിനു പുറത്ത് ശുശ്രൂഷ ചെയ്യമെങ്കിലും അവധിയെടുക്കണമെങ്കിലും ഒരു സൈനികന്റേതായ എല്ലാ ഫോർമാലിറ്റീസും പാലിക്കേണ്ടതായിട്ടുണ്ട്. ഡ്യൂട്ടി ടൈം ഉണ്ടെങ്കിലും ഇരുപത്തിനാലു മണിക്കൂറും ജാഗരൂകതയോടെ പ്രവർത്തനനിരതരായിരിക്കണം. മാത്രവുമല്ല, ഏകാന്തതയും ഈ മിഷന്റെ ഭാഗമാണ്.

പ്രധാനമായ ഒരു വെല്ലുവിളിയാണ് ഭാഷ. കാലക്രേമേണ അത് സായുത്തമാകും എന്ന് ഫാദർ ജിസ് കൂട്ടിച്ചേർത്തു. ഇവിടെ ശുശ്രൂഷ ചെയ്യേണ്ടത് എല്ലാ വിഭാഗത്തിലുമുള്ള ക്രൈസ്തവരാണ്. അതിനാൽ അവരുടെയും ആരാധനാരീതികളും മറ്റും നമ്മളും പരിശീലിക്കേണ്ടതായുണ്ട്. ലഡാക്കിൽ സൈനികരോടൊപ്പം ആയിരിക്കുകയെന്നതാണ് ഇപ്പോൾ ലഭിച്ചിരിക്കുന്ന ശുശ്രൂഷാ മേഖല. അവിടെ മൈനസ് ഡിഗ്രി തണുപ്പാണ്.

വചന പ്രഘോഷണത്തിനുള്ള വലിയൊരു സാധ്യത ഈ ശുശ്രൂഷാ മേഖലയിലുണ്ട്. വചനം പങ്കുവയ്ക്കുവാനും ആധികാരികമായി ഒരുങ്ങുവാനും എല്ലാ വിഭാഗത്തിലുള്ളവർക്കുമായി ധാർമ്മികമൂല്യങ്ങൾ പകർന്നുനൽകുവാനും സാധിക്കും. ഈ മിഷൻ ജീവിതത്തിലായിരിക്കുമ്പോൾ നമ്മുടെ ജീവിതശൈലിതന്നെ ഒരു വ്യത്യസ്തതയാണ്. സന്യാസജീവിതത്തിലൂടെ മറ്റുള്ളവർക്കായി ശുശ്രൂഷചെയ്യുവാൻ സാധിക്കുമെന്ന് നമ്മുടെ ജീവിതത്തിലൂടെ ഒരു വലിയ സമൂഹത്തിന് കാണിച്ചുകൊടുക്കാൻ സാധിക്കുമെന്നത് പ്രത്യേകതയാണ്. മിഷൻ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യാ പുണ്യവതിക്കും കുറച്ച് വ്യത്യസ്തമായ ആഗ്രഹങ്ങൾ ഉണ്ടായിരുന്നു. പഞ്ചാബ് പ്രദേശങ്ങളിൽ പോയി വചനം പ്രഘോഷിക്കുക, വൈദികനാകുക, രക്തസാക്ഷിയാകുക തുടങ്ങിയവയാണവ. ഈ സഭയുടെ അംഗമെന്നനിലയിൽ സൈനികനാകുക എന്ന ദൗത്യം പൂർത്തിയാക്കുവാൻ സാധിക്കുന്നു എന്ന വലിയ സന്തോഷമാണ് ഈ രാജ്യത്തിന്റെ കാവൽക്കാരനുംകൂടിയായ വൈദികൻ പങ്കുവയ്ക്കുന്നു.

പൗരോഹിത്യ ശുശ്രുഷയുടെ അതിർവരമ്പുകൾക്കുള്ളിൽനിന്നുകൊണ്ട് ഒരേസമയം ദൈവത്തിനും രാജ്യത്തിനും വേണ്ടി ജീവിതം സമർപ്പിക്കുന്ന ഫാ. ജിസ് കിഴക്കേൽ, എല്ലാ പ്രേഷിതർക്കും പ്രചോദനമാകുകയാണ്.



# ഞാൻ കണ്ട ടാൻസാനിയ

സി. വിൻസി ആർ.എഫ്.റ്റി

ഇരുണ്ട ഭൂഖണ്ഡത്തിൽ വെളിച്ചം വീശിത്തുടങ്ങിയിരിക്കുന്നു. ഞാൻ സേവനം ചെയ്യുന്നത് കിഴക്കൻ ആഫ്രിക്കയിലെ താൻസാനിയ എന്ന രാജ്യത്താണ്. ആഫ്രിക്കൻ ഭൂഖണ്ഢത്തിൽ 54 രാജ്യങ്ങളുണ്ട്. അവയിൽ ഏറ്റവും സമാധാന പൂർണ്ണവും ഫലഭൂയിഷ്ഠവുമായ രാജ്യമാണ് ടാൻസാനിയ. ഭാഷ സ്വാഹിലി. നൂറിൽപരം ട്രൈബുകൾ, നാട്ടുഭാഷകൾ, വേഷവിധാനങ്ങൾ, ആചാരങ്ങൾ ... ടാൻസാനിയ തികച്ചും സമ്പന്നമാണ്.

കറുത്ത തൊലിക്കുള്ളിൽ വെളുത്ത ഹൃദയമുള്ള ഒരുകൂട്ടം മനുഷ്യർ. കറുപ്പിന്റെ അഴക് ഒന്നു വേറെ തന്നെ. ചുരുണ്ട മുടിയോടുകൂടിയ മൊട്ടത്തലയും തടിച്ച ചുണ്ടുകളും എണ്ണക്കറുപ്പും... ധനികരല്ലെങ്കിലും ഉള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ ഇവർക്ക് ഒരു മടിയും ഇല്ല. ''എന്നെ ഒന്നു സഹായിക്കാമോ?'' എന്നു ചോദിച്ചാൽ ''എനിക്കാവില്ല'' എന്ന് പറയുന്നവർ വിരളം. കടം കൊടുത്താൽ തിരിച്ചുകിട്ടുമെന്ന പ്രതീക്ഷയേ വേണ്ട. കോപിച്ചാലും സംയമനത്തോടെ സംസാരിക്കുന്നവർ. മരണാസന്നരായി കിടന്നാലും സുഖമാണോ എന്നു ചോദിച്ചാൽ ''സുഖം'' എന്ന് മറുപടി പറയും. ഒരു തിരക്കുമില്ലാത്ത മനുഷ്യരാണിവർ. നാലുമണിക്ക് കാണാം എന്നപറഞ്ഞ് പിരിഞ്ഞാൽ കാണുന്നത് ആറുമണിക്ക്. ''പോളെ'' എന്ന ഒറ്റവാക്കിൽ എല്ലാ പരിഭവങ്ങളും തീർക്കുന്നു. വേദനിപ്പിച്ചാൽ ''പോളെ'', താമസിച്ചുപോയാൽ ''പോളെ'' വീണു മുറിവേറ്റാൽ ''പോളെ'' ജോലിചെയ്ത് ക്ഷീണിച്ചാൽ ''പോളെ'' പരീക്ഷയിൽ തോറ്റാൽ, വിശന്നു തളർന്നാൽ, ഒരു യാത്ര കഴിഞ്ഞുവന്നാൽ ''പോളെ'', എന്തിന് പ്രിയപ്പെട്ട ഒരാൾ മരണമടഞ്ഞാലും ''പോളെ''. വലിയ അർത്ഥമുള്ള ഒരു ചെറുവാക്ക്. സമയത്തിന്റെ കാര്യം പറഞ്ഞാൽ വാച്ചുനോക്കി നമ്മൾ പറയും ഇപ്പോൾ സമയം രാത്രി 8 മണി എന്ന്. അവർ പറയും രാത്രി രണ്ടുമണി എന്ന്. അതായത് മണിക്കൂർ സൂചി 6 മണിക്കൂർ തിരിച്ചുവയ്ക്കും.

ഇവിടെ മിക്കവാറും പെൺകുട്ടികൾ വിവാഹത്തിനു മുൻപേ അമ്മയാകുന്നു. മാതൃത്വം അവർക്ക് ഒരു അലങ്കാരം പോലെയാണ്. പ്രായപൂർത്തിയായ ഒരാളെ കണ്ടാൽ വിവാഹിതനാണോ/വിവാഹിതയാണോ എന്ന് ചോദിക്കരുത്. കുട്ടികളുണ്ടോ എന്ന് ചോദിക്കാം. അതാണ് മര്യാദ. എതിരെ വരുന്നയാളെ കണ്ടുപരിചയമില്ലെങ്കിൽപോലും അഭിവാദ്യം ചെയ്യുന്നു. വിവാഹ ബന്ധങ്ങൾ വളരെ ചുരുക്കം. ഇവിടെ പുരുഷന്മാർ സ്ത്രീയ്ക്കാണ് ധനം കൊടുക്കേണ്ടത്. അതും അവൻ തനിയെ കണ്ടെത്തണം. അതിനാലാവണം ആരുംതന്നെ വിവാഹത്തിന് മുതിരാത്തത്. കൂട്ടുകാരിയെ കണ്ടെത്തിയാൽ, ഒരു കുഞ്ഞ് ജനിച്ചാൽ ഒരുമിച്ച് ജീവിതം തുടങ്ങുകയായി. ചിലർ കുറേക്കാലം ജീവിക്കും പിന്നീട് വിവാഹം കഴിക്കും, ചിലർ കുറച്ചുകാലം ജീവിച്ചുനോക്കും, ഒന്നിച്ചുപോകാൻ പറ്റില്ല എന്നുതോന്നിയാൽ പിരിയും. മറ്റുചിലർ കൂട്ടുകാരി ഗർഭവതിയായാൽ പിന്നെ കാണുകപോലുമില്ല. പല ഭാര്യമാരിൽ 48 മക്കളുള്ള മനുഷ്യനെ എനിക്കറിയാം. ബഹുഭാര്യാത്വം നിലവിലുള്ളതിനാൽ ഇത് ഒരു പ്രശ്നമേ അല്ല. അവർ നല്ല ഐക്യത്തോടെ പരസ്പരം സഹായിച്ച് ജീവിക്കുന്നു. കുഞ്ഞുങ്ങളെ വളർത്തുകയെന്നത് മിക്കവാറും അമ്മമാരുടെ ഉത്തരവാദിത്വമാണ്. പുറത്ത് കെട്ടിവച്ച് അമ്മ കുഞ്ഞിനെ കൊണ്ടുനടക്കും. കുഞ്ഞിന്റെ തൊട്ടിൽ അമ്മയുടെ പുറത്താണ്. ഇരട്ട കുട്ടികളെങ്കിൽ ഒരാൾ പുറത്ത് മറ്റൊരാൾ നെഞ്ചിൽ. തലയിൽ ചുമട്. കൈയ്യിൽ ഭാരം ഇതാണ് അമ്മ..!

സ്കൂളിൽ പോകേണ്ട ഒരുകൂട്ടം ബാല്യങ്ങൾ പശുക്കളുടെ പിന്നാലെ, ഒരു സൂര്യകാന്തിച്ചെടിയുടെ തണ്ടും കൈയ്യിലേന്തി വലിയ ഇടയന്മാരേപോലെ.

പുരുഷന്മാരുടെ വേഷം പാന്റും ഷർട്ടുമാണ്. സ്ത്രീകൾ മിഡിയും ബ്ലൗസും അല്ലെങ്കിൽ പാന്റും ടീ

ഷർട്ടും ധരിക്കും. എന്തായാലും സ്ത്രീകൾക്ക് ഒരു മുണ്ട് (കാങ്ക) നിർബന്ധമാണ്. (പുതുതലമുറയിൽ ഇത് അപ്രത്യക്ഷമായിരിക്കുന്നു.) വെയിലിൽ തണലായി, മഴയിൽ മറയായി, തണുപ്പിൽ പുതപ്പായി, കുഞ്ഞിന് തൊട്ടിലായി, അഴുക്കു പുരളാത്ത മേൽവസ്ത്രമായി, അത്യാവശ്യം ഭാണ്ഢമായി സ്ത്രീകൾ കാങ്ക ഉപയോഗിക്കുന്നു. മഴയത്ത് കുട ഉപയോഗിക്കാൻ ഇവർക്ക് ഇഷ്ടമല്ല. കുട കണ്ടാൽ മഴ പെയ്യില്ല എന്ന് ഇവർ വിശ്വസിക്കുന്നു. ഒരിക്കൽ ഒരാൾ എന്നോടു ചോദിച്ചു; 'മഴ നനഞ്ഞാൽ നീ അലിഞ്ഞുപോകുമെന്ന് പേടിയാണോ?' എന്ന്. (മനുഷ്യൻ മണ്ണിൽ നിന്നാണെന്ന് നമുക്ക് ഓർമ്മിക്കാം.)

ഇത്രയും മനോഹരമായ ഒരു ഭൂപ്രദേശം നിങ്ങൾ കണ്ടിട്ടുണ്ടാവില്ല. ശാന്തമായ ദേശം. ടാർ റോഡ് പിന്നിട്ടാൽ പിന്നെ കാട്ടിലേയ്ക്ക് കയറുകയായി. പൊടിനിറഞ്ഞ മൺറോഡ് കാണും. അതിലേ തങ്ങളുടെ കൊച്ചുവാഹനം കടന്നുപോകുമ്പോൾ അവർ അതിശയത്തോടെ നോക്കി നിൽക്കും. കുട്ടികൾ കാടിനുള്ളിൽ കയറി പതുങ്ങിയിരിക്കും. അവർക്കറിയില്ല ഇത് എന്തു സാധനം എന്ന്.

ഇവിടുത്തെ പ്രധാന കൃഷികൾ സൂര്യകാന്തി, ചോളം, ബീൻസ്, ഉരുളക്കിഴങ്ങ്, വൻപയർ എന്നിങ്ങനെയാണ്. ഓരോ പ്രദേശത്തിനും കാലത്തിനനുസരിച്ച് വിളകൾ മാറുന്നു. വിളകൾ ചെടിയിൽ നിർത്തി ഉണങ്ങിയതിനുശേഷം ചെടിയോടെ പിഴുതെടുക്കുന്നു. ഒക്ടോബർ-നവംബറിൽ കൃഷിഭൂമിയൊരുക്കി മഴയ്ക്കായി കാത്തിരിക്കും. പെരുമഴക്കാലം ഇവിടെയില്ല. ആദ്യത്തെ അല്ലെങ്കിൽ രണ്ടാമത്തെ മഴയിൽ മണ്ണിളക്കി വിത്ത് വിതയ്ക്കുന്നു. ഇടതടവില്ലാതെ മഴപെയ്താൽ കൃഷി നശിച്ചതുതന്നെ. മാർച്ച് മാസത്തോടെ മഴക്കാലം തീരും. ഭൂമദ്ധ്യരേഖയ്ക്ക് അരികിൽ ആയതിനാൽ ആകാശം തൊട്ടെടുക്കാവുന്ന ദൂരത്ത് ആണെന്ന് തോന്നും. രാത്രിയുടെ മനോഹാരിത ഒന്നുവേറെ തന്നെ. നക്ഷത്രങ്ങൾ പൂത്തുലഞ്ഞ ആകാശം. പരന്നുകിടക്കുന്ന ആകാശക്കടലിൽ പാൽനിലാവ് പൊഴിക്കുന്ന ചന്ദ്രൻ.

ഇവിടുത്തെ മതം എന്തെന്നു ചോദിച്ചാൽ രസമാണ്. ഏതായാലും കുഴപ്പമില്ല. ഒരു മത്സരവുമില്ല. ഒരു സ്ഥലത്തുതന്നെ പല ക്രിസ്ത്യൻ വിഭാഗങ്ങളുടെ പള്ളികൾ (ആരാധനാലയങ്ങൾ) ഉണ്ട്. എന്തിന് ഒരു വീട്ടിൽതന്നെ പലമതക്കാർ ഉണ്ട്. പിന്നെ കുറേ മന്ത്രജാലക്കാരും. മിശ്രവിവാഹം (വിവാഹം ഇല്ല- ജീവിതം) സാധാരണം. നാളെയേക്കുറിച്ച് ഉത്കണ്ഠയുള്ളവർ വളരെ കുറവാണ്. എങ്ങനെയൊക്കെയോ ജീവിതം മുന്നോട്ടുനീക്കുന്നവർ. ഒന്നുമില്ലെങ്കിലും അവർക്ക് ജീവിതം ആഘോഷമാണ്. അതിനാലാകണം ആത്മഹത്യ എന്ന പേരുപോലും ഇവിടെ കേൾക്കാനില്ല. പല ബന്ധങ്ങൾ ഉള്ളതിനാൽ AIDS ഒരു സാധാരണ അസുഖമാണിവിടെ. അവർ അതിനെ ഒരു പനിയുടെ ലാഘവത്തോടെ കാണുന്നു. ജനിച്ചാൽ പിന്നെ മരിക്കാനായി ജീവിക്കുന്ന പാവം മനുഷ്യർ. അതിനിടയ്ക്ക് എന്തൊക്കെയോ കാട്ടിക്കൂട്ടുന്നു. അതിനിടെ ദൈവമെന്ത് എന്ന് അറിഞ്ഞെങ്കിലായി...

ഞായറാഴ്ച ബലിയർപ്പണം വളരെ സജീവമാണ് പാട്ടും ഡാൻസും ചെണ്ടയും. ദൈവം കേൾക്കുക തന്നെ ചെയ്യും. മിക്കവാറും പള്ളികൾ വളരെ ചെറിയവയാണ്. ചിലയിടങ്ങളിൽ പള്ളിയില്ല. അൾത്താരയില്ല., ഇരിക്കാൻ ബഞ്ച്പോലുമില്ല. ഒരു ബക്കറ്റ് കമഴ്ത്തിയിട്ടാൽ ഇരിപ്പിടമായി. ചില സ്ഥലങ്ങളിൽ മൺതിട്ടകൾ കാണും ഇരിപ്പിടമായി. ഒരിക്കൽ ഒരു മരച്ചുവട്ടിൽ അൾത്താരയൊരുക്കി, ദൈവം അവിടെയും താണിറങ്ങി, ദിവ്യകാരുണ്യം വിളമ്പി.

ആഫ്രിക്കൻ മിഷനറിയെന്നു കേൾക്കുമ്പോൾ ഭയം വേണ്ട. നന്മനിറഞ്ഞ, പുതുമ നിറഞ്ഞ, കഷ്ടപ്പാടുകൾ നിറഞ്ഞ ഒരു വയൽ ആണിത്. ഇല്ലായ്മയിൽനിന്നും വളർത്തിക്കൊണ്ടുവരണമെങ്കിൽ ദിവ്യകാരുണ്യത്തിനു മുൻപിൽ തപസ്സിരിക്കുക തന്നെ വേണം. ഒരിക്കലും മനസിൽ വിഭാവനം ചെയ്തിട്ടില്ലാത്ത തരത്തിൽ അനുഗ്രഹത്തിന്റെ പെരുമഴ നനയണം... പൊന്നുതമ്പുരാനോട് എത്ര നന്ദിയർപ്പിച്ചാലും കടം തീരുകയില്ല... അത്രമേൽ നമ്മൾ സ്വീകരിച്ചിരിക്കുന്നു...





# മിഷനെ അറിയുക മിഷനറിയാവുക

**ഡെൻസൺ ഡൊമിനിക്**
മിഷൻ ലീഗ് ഓർഗനൈസർ, കോതമംഗലം രൂപത

അത്ര സാമ്പത്തികശേഷിയൊന്നുമില്ലാത്ത ഒരു കുടുംബത്തിൽ ജനിച്ച് സാധാരണ രീതിയിൽ വളർന്ന് അധമ്യമായ ആഗ്രഹത്തെപ്രതി ഒരു കന്യാസ്ത്രീ മഠത്തിൽ ചേർന്ന് കേവലം 24 വയസ്സുവരെ മാത്രം ജീവിച്ച് ആരോരുമറിയാതെ മരിച്ചുപോയൊരു പെൺകുട്ടി, ഇന്ന് ആഘോള മിഷൻ മദ്ധ്യസ്ഥയാണ്. അങ്ങനെയെങ്കിൽ എന്താണ് യഥാർത്ഥത്തിൽ മിഷൻ? സഭയിൽ മിഷന്റെ പ്രാധാന്യം എന്താണ്?

നമ്മൾ വേദപാഠ ക്ലാസ്സിൽ പഠിക്കുന്നുണ്ട്, മിഷൻ എന്നാൽ ദൗത്യമെന്നാണ്, മീത്തരെ എന്ന പദത്തിൽ നിന്നാണ് മിഷൻ എന്ന പദം ഉണ്ടാകുന്നത് എന്ന്. പക്ഷെ ഒരു കാലത്ത് ഈശോയെ അറിയാത്ത ഒരു സ്ഥലത്ത്, ഭാരത പശ്ചാത്തലത്തിൽ പറയുകയാണെങ്കിൽ ഉത്തരേന്ത്യയിൽ ഈശോയെ അറിയിക്കുക എന്നതായിരുന്നു മിഷനറിമാരുടെ ദൗത്യം. ഇന്ന് ഷംഷാബാദ് രൂപതയൊക്കെ രൂപം കൊണ്ടതിൽ പിന്നെ ഭാരതത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും നമുക്ക് പ്രവർത്തനങ്ങളുണ്ട്. നിസ്സാരമായി പറഞ്ഞാൽ ഈശോയോ അറിയാത്ത ആളുകൾക്ക് ഈശോയെ നൽകുന്ന പ്രക്രിയയാണ് മിഷൻ എന്നു പറയുന്നത്.

നമ്മുടെ സഭയുടെ മിഷൻ പശ്ചാത്തലം പരിശോധിക്കുകയാണെങ്കിൽ നമ്മുടെ സഭ Major Archiepiscopal സഭയാണ്. 1923 കാലഘട്ടത്തിലാണ് സീറോമലബാർ Hierachy സ്ഥാപിതമാകുന്നത്. അതിനുശേഷം ഭാരതത്തിനു സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ഒരുപാട് വിദേശ മിഷണറിമാർ ഇവിടെനിന്ന് തിരിച്ചുപോകുകയും പലയിടങ്ങളിലും മിഷനറിമാർ ഇല്ലാതിരിക്കുകയും ചെയ്യുന്ന കാലമുണ്ടായി. 1950–60 കാലഘട്ടങ്ങളിൽ ഒത്തിരിയേറെ വൈദികർ കേരളത്തിൽ നിന്നും ഉത്തരേന്ത്യയിലേയ്ക്ക് കടന്നുചെന്ന് അവിടെ യേശുവിനം പ്രഘോഷിക്കുകയും അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും ചെയ്തു. സീറോമലബാർ സഭ മിഷൻ പ്രവർത്തനങ്ങളിലേയ്ക്ക് കടന്നുവരുന്നത് 1950–1960 കാലഘട്ടത്തിലാണ്. അതിനുശേഷമാണ് 1960–70 കാലഘട്ടങ്ങളിൽ ചാന്ദാ, സത്ന രൂപതകൾ സ്ഥാപിക്കുനനതും, മിഷൻ പ്രവർത്തനങ്ങളിലേയ്ക്ക് കൂടുതൽ കടന്നുവരുന്നതും. ഇന്ന് 18 രൂപതകളാണ് ഉള്ളത്. ലോകത്താകമാനം പ്രത്യേകിച്ച് ആഫ്രിക്കൻ രാജ്യങ്ങളിൽ നമ്മുടെ വൈദികരും സിസ്റ്റേഴ്സും ശുശ്രൂഷകൾ ചെയ്തുവരുന്നു.

വൈദികരേയും സന്യസ്തരേയും മാത്രം ഭരമേൽപ്പിച്ചിരുന്ന ജോലിയാണ് മിഷൻ പ്രവർത്തനം എന്ന ചിന്തയ്ക്ക് മാറ്റം സംഭവിച്ചിരിക്കുന്നു. അത് സകല ക്രൈസ്തവരുടേയും ദൗത്യമാണ്. അതിന്റെ ഒരു തലം മാത്രമാണ് ദൂരെ ദേശങ്ങളിൽ നടക്കുന്ന മിഷൻ പ്രവർത്തനം.

നമ്മുടെ ചുറ്റുപാടുകളിൽ ഈശോയെ അറിയാത്തവരായി ആരുമില്ല. പക്ഷേ നമ്മൾ ഇന്ന് ചിന്തിക്കണം, നാം എത്രമാത്രം അവിടുത്തെ അറിഞ്ഞിട്ടുണ്ട് എന്ന്. നമ്മുടെ അറിവുകൾ വിശുദ്ധ കുർബ്ബാനയിലും വേദപാഠ ക്ലാസ്സിലുമായി ഒതുങ്ങിപ്പോകുന്നു. നമ്മുടെ ജീവിതാന്തസ്സ് എന്ത്തന്നെയാണെങ്കിലും ചുറ്റിലും കണ്ടുമുട്ടുന്നവർക്ക് ഈശോയെ പകർന്നുകൊടുക്കുക. വി. ഫ്രാൻസീസ് അസ്സീസി പറഞ്ഞിരിക്കുന്നതു പോലെ" സുവിശേഷം പ്രസംഗിക്കുക, ആവശ്യമെങ്കിൽ മാത്രം നാവുപയോഗിക്കുക". അങ്ങനെ ജീവിതം വഴിയായി സുവിശേഷം പ്രസംഗിക്കുമ്പോൾ നമ്മളും മിഷനെ അറിയുകയാണ്, മിഷനറിയാവുകയാണ്...



# അമേതി ഭവൻ എന്ന ആശാകേന്ദ്രം

സി. സ്മിത തെരേസ് എസ്.സി.ജെ.ജി

മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകൾക്കും അവരുടെ മാതാപിതാക്കൾക്കും ശാന്തിയും സമാധാനവും കൊടുക്കുവാൻ സെന്റ്. ജോൺ ഓഫ് ഗോഡ് സന്യാസിനീ സമൂഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആശാകേന്ദ്രമാണ് ട്രിച്ചിയിലെ അമേതി ഭവൻ. ദൈവത്തിന്റെ വിശുദ്ധയോഹന്നാന്റെ ചൈതന്യം തമിഴ്നാട്ടിലും പ്രാവർത്തികമാക്കണമെന്ന ആഗ്രഹത്തോടെ ഈ നാടിന്റെ ആവശ്യകത എന്താണെന്ന് പഠിച്ചറിഞ്ഞപ്പോൾ മനസ്സിലായത്, ഒത്തിരിയേരെ മാനസികവൈകല്യം ഉള്ളവർ വേണ്ടത്ര പരിചരണം ലഭിക്കാതെ, ചങ്ങലയിൽ കെട്ടിയും മുറിക്കുള്ളിൽ അടച്ചിട്ടും വഴിയോരങ്ങളിൽ അലഞ്ഞുതിരിഞ്ഞും നടക്കുന്നവരുണ്ട് എന്നാണ്.18 വയസ്സിന് മുകളിലുള്ള പെൺകുട്ടികളുടെ സ്ഥാപനങ്ങൾ വിരളമാണ്. 2014 ജൂലൈ 16-ന് സുസ്മിത എന്ന 16 വയസ്സുള്ള പെൺകുട്ടിയുമായി ആരംഭിച്ച ഈ സ്ഥാപനം ഇന്ന് 18 വയസ്സിനു മുകളിലുള്ള 20 സ്ത്രീകൾക്ക് ആശ്രയമാണ്. തന്റെയോ മാതാപിതാക്കളുടെ കുറ്റംകൊണ്ടല്ല ഇവർ ഇങ്ങനെയായിത്തീർന്നത്. ഇവരോരുരുത്തരും ദൈവീക പദ്ധതിയിലുള്ളവരാണ്. ഇവർ കൃപയുടെ നിറകുടങ്ങളാണ്. ‘‘ശിശുക്കൾ എന്റെ അടുത്തു വരാൻ അനുവദിക്കുവിൻ, അവരെ തടയരുത്, എന്തെന്നാൽ ദൈവരാജ്യം അവരേപ്പോലുള്ളവരുടേതാണ്’’ (മർക്കോസ് 10:14). ജീവിതകാലം മുഴുവനും ശിശുസഹജമായ നിഷ്കളങ്കതയോടെ ജീവിക്കുന്ന മക്കൾ. സ്നേഹവും കരുതലും കൂടുതൽ ആവശ്യമുള്ളവരാണവർ. എത്രമാത്രം പരിശീലനം കിട്ടിയാലും അവരെ പൂർണ്ണരാക്കാൻ നമുക്ക് സാധിക്കില്ല. ജീവിതകാലം മുഴുവൻ ഇവർക്ക് പരിശീലനം നൽകികൊണ്ടേ ഇരിക്കണം. നമുക്കുള്ള എല്ലാ അവകാശങ്ങൾക്കും അർഹരാണ് ഇവരും. എന്നാൽ അവരുടെ വൈകല്യങ്ങൾ ഇതിന് വെല്ലുവിളിയാകുന്നു. ലോക ജനസംഖ്യയിൽ 3% പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവരാണ്. കേവലം ചെറിയ ഗ്രൂപ്പാണെങ്കിലും അവരും മനുഷ്യരാണെന്നും ദൈവസൃഷ്ടിയാണെന്നുമുള്ളത് യാഥാർത്ഥ്യമാണ്. രോഗികളിൽ ഈശോയെ ദർശിച്ച സെന്റ് ജോൺ ഓഫ് ഗോഡിന്റെ ചൈതന്യത്തോടെ ഇവരെ ശുശ്രൂഷിക്കുകയാണ് അമൈതിഭവൻ. ഇവിടെ ആശ്രയം തേടിയെത്തുന്ന സ്ത്രീകളിൽ ഒരാൾക്കുപോലും നിരാശയോടെ മടങ്ങേണ്ടി വന്നിട്ടില്ല.

ഈ ദൗത്യം ഞാൻ ഏറ്റെടുക്കുമ്പോൾ ഭയവും സന്തോഷവും ഉണ്ടായിരുന്നു. ഈശോയുടെ അനന്ത കാരുണ്യത്താൽ ഈ മക്കളോടുള്ള ജീവിതം ആനന്ദകരമാണ്. ഇവരുടെ ജീവിതരീതിയുടെ മാറ്റങ്ങൾ കാണുമ്പോൾ ഞാൻ ഏറെ സന്തോഷവതിയാണ്. കാർത്തിക എന്ന 24 വയസ്സുള്ള ഒരു സുന്ദ






രിയായ സ്ത്രീയുണ്ടിവിടെ. അവളുടെ സ്വഭാവപ്രത്യേകതകൾ അറിഞ്ഞപ്പോൾത്തന്നെ എനിക്ക് ഭയമാണുണ്ടായത്. രാവും പകലും വ്യത്യാസമില്ലാതെ ഇറങ്ങിയോടും, ബസ് കണ്ടാൽ കയറിപ്പോകും, വസ്ത്രം കീറിക്കളയും, നാണം എന്തെന്ന് അറിയില്ല, എല്ലാവരേയും ഉപദ്രവിക്കും, ആഹാരം കണ്ടാൽ ചാടിവീഴും തുടങ്ങിയവയൊക്കെയാണ് പ്രത്യേകതകൾ. ഇവളുടെ പ്രവർത്തനം കാണുമ്പോൾ മറ്റുള്ളവർക്കും ഭയമായിത്തുടങ്ങി. അലഞ്ഞ് നടന്ന് ചീട്ട്കളിച്ച്, ബീഡിയും വലിച്ച് മുറുക്കിയും ചിരിച്ചും, ചിരിപ്പിച്ചും നടന്ന പെണ്ണ്. വാതിൽ തുറന്നാൽ ഇറങ്ങിയോടും, പിന്നെ പിടിച്ച് നിർത്താനാവില്ല. ചിട്ടയായ പരിശീലനങ്ങൾക്കൊടുവിൽ കാർത്തികയിൽ മാറ്റങ്ങൾ വന്നുതുടങ്ങി. അവളെ കാണാനും കുശലമന്വേഷിക്കുവാനുമായി കുട്ടികൾ വരാറുണ്ട്. ഊഞ്ഞാലാടുക, പാട്ട് കേൾക്കുക, പാട്ട് പാടുക തുടങ്ങിയവയാണ് ഇഷ്ടം. കഷ്ടപാടുള്ള ജോലിചെയ്യാൻ ഉത്സാഹമാണ്. ഇതുപോലെ പല വൈകല്യങ്ങൾ ഉള്ളവർ ഇവിടുണ്ട്.

ഒരു വ്യക്തിയുടെ പ്രാഥമികാവശ്യങ്ങൾ നടത്തുവാനുള്ള പരിശീലനമാണ് ആദ്യഘട്ടം ഇവിടെ നൽകുന്നത്. അതിനു ഫലവും ലഭിക്കുന്നുണ്ട്. അതിനു പുറമേ, തൊഴിൽ പരിശീലനങ്ങളും നൽകുന്നുണ്ട്. കൊന്ത, ആഭരണങ്ങൾ, സോപ്പുപൊടി, ലോഷനുകൾ, ചൂല് തുടങ്ങിയവയ്ക്കുള്ള പരിശീലനങ്ങൾ വിജയകരമായി തുടരുന്നു. ജീവിതത്തിൽ വേണ്ടിവരുന്ന അടിസ്ഥാനപരമായ വീട്ടുജോലികൾ ചെയ്യാൻ പരിശീലിപ്പിക്കുന്നതിനോടൊപ്പം മാനസിക ഉല്ലാസത്തിനും പ്രാധാന്യം നൽകി വരുന്നു.

ഈ മക്കളോടൊപ്പമുള്ള ജീവിതം മറക്കാനാവാത്ത അനുഭവം തന്നെയാണ്. അവരുടെ കുടുംബത്തിന് സാഹചര്യങ്ങൾ നിമിത്തം പലപ്പോഴും വേണ്ട സംരക്ഷണവും പരിഗണനയും നൽകുവാൻ സാധിക്കാതെ പോകുന്നതാകാം. അവരേയും ജീവിതത്തിൽ ഒപ്പം കൂട്ടാൻ സാധിച്ചതിൽ ഞാൻ സന്തോഷവതിയാണ്. അമൈതി ഭവനിലെത്തിയശേഷം ഇവരുടെ മുഖത്തെ തെളിച്ചം കാണുമ്പോൾ, അതിനായി എനിക്കവസരം നൽകിയ ദൈവത്തിനും എന്റെ സന്യാസ സമൂഹത്തോടും ഞാൻ നന്ദി പറയാറുണ്ട്.

നല്ല മാതാപിതാക്കളും അദ്ധ്യാപകരും കുട്ടികളുടെയും വിദ്യാർത്ഥികളുടെയും വലിയ ഭാഗ്യവും അനുഗ്രഹവുമാണ്. അദ്ധ്യാപനം സോഷ്യൽ എഞ്ചിനീയറിംഗ് ആണെന്ന് പറയാറുണ്ട്. വിദ്യാഭ്യാസം ഒരു ധൈഷണിക-സാംസ്കാരിക നവോത്ഥാന പ്രവർത്തനമാണ്. അതിജീവിതത്തിന്റെ പരിശീലനവേദിയാണത്; തിന്മക്കെതിരെയുള്ള പോരാട്ടമാണത്. അജ്ഞതയെയും അന്ധകാരത്തെയും കീഴടക്കാനുള്ള പോരാട്ടം. അതോടൊപ്പം സ്വയം വെളിച്ചമായിത്തീരാനുള്ള പരിശീലനവും.

കുടുംബത്തിലെ പരിശീലനമാണ് വിദ്യാഭ്യാസത്തിന്റെ ആദ്യപടി. ഭാരതീയ കുടുംബങ്ങൾ മതമാനുഷിക മൂല്യങ്ങൾ പഠിപ്പിച്ചിരുന്ന സർവ്വകലാശാലകളായിരുന്നു. ഇന്ന് കുടുംബത്തിന്റെ പ്രാധാന്യം വിസ്മരിച്ച്, വിദ്യാലയങ്ങളിൽ നിന്ന് ലഭിക്കും എന്ന് കരുതുന്നത് അപകടമാണെന്ന് വിസ്മരിക്കരുത്. സമ്പൂർണമനുഷ്യന്റെ സമഗ്രവികസനമാണ് വിദ്യാഭ്യാസം. ബുദ്ധികൊണ്ട് ചിന്തിക്കാനും ഹൃദയംകൊണ്ട് സ്നേഹിക്കാനും കരങ്ങൾകൊണ്ട് സേവനം ചെയ്യാനും ഉതകുന്ന പരിശീലനമാണ് വിദ്യാഭ്യാസത്തിലൂടെ നല്കേണ്ടതെന്ന് ഗാന്ധിജി ഓർമ്മിപ്പിച്ചു. സത്യം തന്നെയായ ദൈവത്തെ കണ്ടെത്താതെ വിദ്യാഭ്യാസം വികസന പ്രക്രിയയായി മാത്രം ചുരുങ്ങുന്ന ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസദർശനം മനുഷ്യരോടും ദൈവത്തോടും പ്രകൃതിയോടും ചേർന്നു നിൽക്കുന്നതായിരിക്കട്ടെ.





# വേനലിൽ വസന്തം തീർക്കുന്നവർ

ഫാ.ജോമി കുമ്പുക്കാട്ട്

കാഴ്ചകളെ പ്രകാശമുള്ളതാക്കിയവരുടെ കാഴ്ചപ്പാടുകൾ എന്നും നവീനവും സാഹസികത നിറഞ്ഞതുമാണ്. ഈ വ്യത്യസ്ഥ കാഴ്ചപ്പാടുകളാണ് ഒരുവനെ അവന്റെ ദൗത്യത്തിന് ബലം നൽകുക.വീടുപേക്ഷിക്കുന്നവരല്ല, മറിച്ച് വീടിന്റെ ഭിത്തികളെ ലോകത്തിന്റെ ഭിത്തികളോടും വീടിന്റെ മേൽക്കൂരകളെ ആകാശത്തോളം ഉയർത്തുന്നവരാണ് മിഷനറിമാർ. പ്രകാശിതമായ കാഴ്ചപ്പാടുകളാൽ, ആയിരിക്കുന്ന ഇടങ്ങളെ അനുഗ്രഹത്തിന്റെ ഇടങ്ങളാക്കുവാൻ, ജീവിത യാഥാർത്ഥ്യങ്ങളെ തൊട്ടറിഞ്ഞ് അവയെ ഹൃദയത്തിലേറ്റി ഊഷരമായ ഭൂവിനെ ഊഷ്മളമാക്കുന്ന ചില ജീവിതസാക്ഷ്യങ്ങളുടെ നേർക്കാഴ്ചകളിലേയ്ക്കായിരുന്നു എന്റെ ഈ യാത്ര.

ഇന്ത്യയുടെ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന പ്രകൃതിരമണീയമായ സംസ്ഥാനമാണ് ആസ്സാം. ആസ്സാ മിലെ ഗോവാഹട്ടി അതിരൂപതയിലെ ക്രൈസ്റ്റ്കിംഗ് മലങ്കോണ ഇടവക സന്ദർശിക്കുവാൻ എനിക്ക് സാധിച്ചു. ഇതുവരെയും കണ്ടറിഞ്ഞ, തൊട്ടനുഭവിച്ച ജീവിതസാഹചര്യങ്ങളിൽ നിന്നും തികച്ചും വ്യത്യസ്ഥമായ ജീവിതാനുഭവങ്ങൾ. ലോകത്തിൽ ഒരു ഭാഗത്ത് ദാരിദ്ര്യമെന്തന്നറിയാതെ ഒരു കൂട്ടം മനുഷ്യർ സുഖത്തിലമരുമ്പോൾ മറുഭാഗത്ത്, വാരിയെടുക്കുമ്പോൾ കൈയിലൊട്ടുന്ന കുഴഞ്ഞ ചോറിലും ഒരു കൊമ്പൻ മുളകിലുമായി ഭക്ഷണസ്വാദ് ഒതുക്കി നിർത്തേണ്ടി വരുന്ന കുരുന്നു മുഖങ്ങൾ മനസ്സിൽ മായാതെ നിൽക്കുന്നു. ഇല്ലായ്മകൾക്കു നടുവിലും ഭക്ഷണത്തിനു മുൻപിൽ കൈകൂപ്പി പ്രാർത്ഥിയ്ക്കുവാൻ മറക്കാത്ത യുവതലമുറയുടെ വലിയ വിശ്വാസത്തെയും കാണാതെ വയ്യ. ഇവരുടെ ഇടയിലെ പ്രധാന പ്രശ്നം ശൈശവവിവാഹമാണ്. അതിനാൽതന്നെ കുടുംബ ബന്ധങ്ങളിൽ വിള്ളലുകൾ പ്രകടമാണ്. കുടുംബങ്ങളിൽ വനിതക



ൾക്കാണ് ആധിപത്യം. വിവാഹശേഷം പുരുഷന്മാർ സ്ത്രീകളുടെ ഭവനത്തിലേയ്ക്ക് വരുന്നു.

കേരളത്തിൽ സുവിശേഷവത്കരണത്തിന് നമുക്ക് ഏറെവില കൊടുക്കേണ്ടതായിവരുന്നില്ല. എന്നാൽ താരതമ്യേന പിന്നോക്കാവസ്ഥയിലായിരിക്കുന്ന ജനസമൂഹങ്ങളെ വളർച്ചയിലേയ്ക്ക് നയിക്കുന്നതിനും കാലാവസ്ഥയുടെ മാത്രമല്ല, മതത്തിന്റെയും സംസ്കാരത്തിന്റെയും കുടുംബങ്ങളുടെയും വ്യക്തിബന്ധങ്ങളുടെയും അകത്തളങ്ങളിൽ ദൈവവിശ്വാസത്തിന്റെയും കുടുംബപവിത്രതയുടെയും സംസ്കാരത്തനിമയുടെയുമൊക്കെയും നിറച്ചാർത്തണിയിക്കുവാൻ, ആസാം നഗരിയുടെ അരക്ഷിതാവസ്ഥയിൽ വേനലിൽ വസന്തം തീർക്കുന്ന കുറേ സുമനസ്സുകളെ ഇവിടെ കണ്ടെത്തി. പല ഗ്രാമങ്ങളും വൈദികർക്ക് ശുശ്രൂഷയ്ക്കായി കടന്നുചെല്ലാൻ സാധിക്കാത്ത വിധം വളരെ ദൂരെയാണ്. പ്രതികൂലമായ കാലാവസ്ഥയോ രോഗമോ ജീവിതശൈലികളോ മതദ്വേഷികളുടെ ഭീഷണികളോ ഇവരെ തളർത്തുന്നില്ല. മറിച്ച്, സഹനത്തിന്റെ കനൽച്ചൂടിലും ജീവിതത്തെ താളാത്മകമാക്കുന്ന സ്നേഹത്തിന്റെ കാരുണ്യത്തിന്റെ മേലാപ്പ് ചാർത്തുവാൻ, വേദനിക്കുന്ന ജനജീവിതങ്ങളിലേയ്ക്ക് ആശ്വാസം പകരുന്ന ഈ മിഷനറിമാരുടെ പ്രവർത്തനങ്ങൾ ഏറെ ത്യാഗോജ്ജ്വലമാണ്. വൈദികരുടെ അസാന്നിദ്ധ്യത്തിൽ ഓരോ ഗ്രാമത്തിലെയും കാറ്റക്കിസ്റ്റുക്കളാണ് ഇവിടുത്തെ പ്രാർത്ഥനാശുശ്രൂഷകൾ നേതൃത്വം വഹിക്കുന്നത്. വൈദികൻ ചെല്ലുന്ന ദിനങ്ങളിൽ വി.ബലിയിലും അനുതാപശുശ്രൂഷയിലും ഏവരും സജീവമായി പങ്കുകൊണ്ട് ഇവർ വിശ്വാസനാളത്തെ അണയാതെ കാക്കുന്നു.

ഏറെ ആനന്ദം പകർന്ന നിമിഷങ്ങളായിരുന്നു ഷില്ലോംങ്ങിലേയ്ക്കുള്ള എന്റെ യാത്ര. വർഷത്തിലൊരിക്കൽ മാത്രം അവിടെ നടക്കുന്ന ദിവ്യകാരുണ്യ പ്രദക്ഷിണത്തിനായി അനേകർ അണിചേരുന്ന ആ സംഗമത്തിൽ പങ്കെടുക്കാൻ സാധിച്ചത് എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു അനുഭവമായിരുന്നു. ഏകദേശം ഒരു ലക്ഷത്തോളം ജനങ്ങൾ ഈ പ്രദക്ഷിണത്തിൽ പങ്കെടുത്തു. പരിശുദ്ധ കുർബ്ബാനയോടുള്ള അവരുടെ ആദരവും സ്നേഹവും എത്ര തീക്ഷണമാണെന്ന് ഈ അനുഭവം എന്നെ പഠിപ്പിച്ചു.

“സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്രയോ സുന്ദരം”!(റോമാ 10:15) എന്ന പൗലോസ്ശ്ലീഹായുടെ വചനത്തിന്റെ പൊരുൾ കണ്ടറിഞ്ഞ് അനുഭവിക്കുവാൻ ഈ യാത്രയെന്നെ സഹായിച്ചു. സാക്ഷരതയിലും സംസ്കാരത്തിലും പിന്നോക്കം നിൽക്കുന്നവരെ ജീവിതത്തിന്റെ മുൻനിരയിലേയ്ക്ക് കൈപിടിച്ചുയർത്തുവാൻ, പുതുജീവൻ പകർന്നു നൽകുവാൻ, വിശ്വാസത്തിന്റെ പ്രഭപകർന്ന് സ്വയം ഉരുകിതീരുന്ന മിഷനറിമാരുടെ ജീവിതസാക്ഷ്യങ്ങൾ മലയിലുയർത്തിയ ദീപം പോലെ നമുക്ക് മുൻപിലും തെളിഞ്ഞു നിൽപ്പുണ്ടെന്ന വസ്തുത നമുക്ക് മറക്കാതിരിക്കാം.

കേരളത്തിൽ സുവിശേഷവത്കരണത്തിന് നമുക്ക് ഏറെവില കൊടുക്കേണ്ടതായിവരുന്നില്ല. എന്നാൽ താരതമ്യേന പിന്നോക്കാവസ്ഥയിലായിരിക്കുന്നജനസമൂഹങ്ങളെ വളർച്ചയിലേയ്ക്ക് നയിക്കുന്നതിനും അവരിൽ വിശ്വാസദീപം തെളിക്കുന്നതിനും മിഷനറിമാരുടെ പങ്ക് ത്യാക്ഷോജ്ജ്വലമാണെന്നുള്ള വസ്തുത നാം വിസ്മരിക്കരുത്.



# യൂറോപ്യൻ മിഷൻ

സി.ജിസ്മി തെരേസ് എസ്.സി.ജെ.ജി

ക്രൈസ്തവ വിശ്വാസത്തിന്റെ ഈറ്റില്ലം എന്നറിയപ്പെടുന്ന യൂറോപ്പ്...! ക്രൈസ്തവ വിശ്വാസവും പരസ്നേഹപ്രവർത്തനങ്ങളും കോർത്തിണക്കി ജീവിച്ചിരുന്ന ഒരു ജനത... പള്ളിമണികളുടെ ശബ്ദം ദൈവികസ്മരണ ഉണർത്തുന്ന ഭൂപ്രദേശം... ദൈവത്തെ മാത്രം ആശ്രയിച്ച് ജീവിച്ചിരുന്നവരായിരുന്നു ഇവർ. പണ്ടുകാലത്ത് ദുരിതങ്ങളുടെയും യുദ്ധഭീകരതയിലൂടെയും കടന്നുപോകേണ്ടി വന്നെങ്കിലും ദൈവം അറിയാതെ ഒന്നും സംഭവിക്കില്ല എന്ന് വിശ്വസിച്ചിരുന്നവരായിരുന്നു ഒരു കാലത്ത് യൂറോപ്പിലെ ജനങ്ങൾ.

ക്രൈസ്തവവിശ്വാസത്തിന് തറവാടായിരുന്ന യൂറോപ്പ് ഇന്ന് ആഘോഷങ്ങളുടെ നാടായി മാറി കൊണ്ടിരിക്കുകയാണ്. ക്രിസ്തുമസും, ഈസ്റ്ററും പണ്ട് വിശ്വാസ ജീവിതത്തിന്റെ ഭാഗമായിരുന്നുവെങ്കിൽ ഇന്ന് അവയെല്ലാം ആഘോഷത്തിന്റെ ഭാഗമായിമാറി. ഇവിടുത്തെ ഗ്രാമങ്ങളിൽ കാണാൻ സാധിക്കുന്ന പ്രത്യേകതയിതാണ്, ഒരു സ്ഥലത്ത് കുറെയധികം വീടുകൾ, അതിനോട് ചേർന്ന് ഒരു പള്ളി. കുറച്ചു ദൂരം കഴിയുമ്പോൾ ഇതുപോലെതന്നെ കുറെ വീടുകളും അതിനോട് ചേർന്ന് ഒരു പള്ളിയും. പണ്ടുകാലത്ത് ഇവിടുത്തെ ജനങ്ങളുടെ ജീവിതത്തിലെ പ്രധാന സ്ഥലമായിരുന്നു പള്ളികൾ. എന്നാൽ ഇപ്പോഴത്തെ അവസ്ഥ വേദനാജനകമാണ്. പല പള്ളികളും സന്യാസ ആശ്രമങ്ങളും അടച്ചുപൂട്ടി. പലതും അടച്ചുപൂട്ടാനുള്ള ആലോചനയിലാണ് അധികാരികൾ. പല പള്ളികളും ഇന്ന് കച്ചവടം ആയിരിക്കഴിഞ്ഞു. വിശ്വാസജീവിതം പുതിയ തലമുറയ്ക്ക് അന്യമായി കൊണ്ടിരിക്കുന്നതാണിതിന്റെ പ്രധാനകാരണം.ദൈവാലയത്തിൽ വച്ച് നടക്കുന്ന വിവാഹങ്ങൾ വളരെ കുറവ്. ആണും പെണ്ണും ഒന്നിച്ച് ഭാര്യാഭർത്താക്കന്മാരെ പോലെ ജീവിക്കുന്നു. ഭാര്യയ്ക്ക് ഭർത്താവിനെ അല്ലെങ്കിൽ ഭർത്താവിന് ഭാര്യയെ മടുക്കുമ്പോൾ ഉപേക്ഷിക്കുന്നു. വൈദിക-സന്യാസ ജീവിതത്തിലേക്കുള്ള ദൈവവിളികൾ വളരെ കുറവാണ്. എന്നിരുന്നാലും വിശ്വാസജീവിതത്തിൽ ജീവിക്കുന്ന നല്ല മനുഷ്യരെയും കാണാൻ സാധിക്കും എന്നത് സന്തോഷം നൽകുന്ന കാര്യമാണ്.

ഇവിടുത്തെ പ്രായമായ ആളുകളിൽ ഭൂരിഭാഗവും തങ്ങളുടെ വിശ്വാസം ജീവിതം നയിക്കുന്നത് ഓൾഡേജ് ഹോമുകളിലാണ്. വീടുകളിൽ ജീവിക്കുന്നവരും ഉണ്ട്. സ്വന്തക്കാരും ബന്ധുക്കളും മക്കളും ഇവരെ സന്ദർശിക്കുന്നുണ്ടെങ്കിലും ഒറ്റപ്പെടലിനെ വേദന അനുഭവിക്കുന്നവരാണ് അവരിലധികവും. ഒരിക്കൽ പ്രായമായ ഒരു അമ്മ പറയുകയുണ്ടായി: "ഇവിടം (അതായത് ഓൾഡേജ് ഹോം) ഞങ്ങളുടെ അവസാനത്തെ സ്ഥലമാണ്. ഞങ്ങൾക്ക് ഇവിടെ നിന്നും മുന്നോട്ടുപോകാൻ ഇടമില്ല. ഇനി മരണമെന്ന യാഥാർത്ഥ്യത്തെ നോക്കിയിരുന്ന് ശേഷിച്ച ജീവിതം തീർക്കുക'. എല്ലാം ഉണ്ട്, എന്നാൽ വേദനകളും ബുദ്ധിമുട്ടുകളും അനുഭവിക്കുന്നവർ.... മറ്റൊന്ന് അഭയാർത്ഥി പ്രശ്നമാണ്. അന്തിയുറങ്ങാൻ ഇടമില്ലാതെ വഴികളിലും മറ്റും ഉറങ്ങുന്നവർ ധാരാളം. വഴിയരികിലിരുന്ന് ഭിക്ഷയാചിക്കുന്ന കാഴ്ച യൂറോപ്യൻ ജനതയ്ക്ക് ഒരു പുതുമയല്ല.

ഇവിടെയാണ് സമർപ്പിതരുടെ അല്ലെങ്കിൽ സെന്റ് ജോൺ ഓഫ് ഗോഡ് സിസ്റ്റേഴ്സിന്റെ പ്രവർത്തനങ്ങളുടെ പ്രാധാന്യം വിളിച്ചോതുക. വർഷങ്ങൾക്ക് മുമ്പ് സകല സുഖസൗകര്യങ്ങളും ഉപേക്ഷിച്ച്, രോഗികൾക്ക് ആശ്വാസമേകുവാനും അജ്ഞർക്ക് അറിവേകുവാനും ദൈവവചനം പങ്കുവെയ്ക്കുവാനും വേണ്ടി കുറേ വിദേശ മിഷനറിമാർ ഇന്ത്യയിലേക്ക് കടന്നുവന്നു. ഇന്ന് ഭാരതത്തിൽ പ്രത്യേകിച്ച് കേരളത്തിൽ ഇത്രയേറെ വിശ്വാസ വളർച്ച ഉണ്ടായതിനു കാരണം ഈ മിഷനറിമാരുടെ പ്രവർത്തനം തന്നെയാണ്. ഇന്ന്

യൂറോപ്യൻ ജനത നമ്മിൽനിന്ന് ആഗ്രഹിക്കുന്നത് സമ്പത്തോ സുരക്ഷിതത്വമോ ഒന്നുമല്ല. നമ്മുടെ പൂർവ്വികർക്ക് വിദേശ മിഷനറിമാരുടെ നിന്നും പകർന്നു കിട്ടിയ വിശ്വാസം അതേ പരിശുദ്ധിയോടെ അവർക്കും നൽകുക എന്നതാണ്. ഈ അമ്മമാർ നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത് ഒരു നല്ല വാക്കോ, തലോടലോ, പുഞ്ചിരിയോ മാത്രമാണ്. ഇവിടെയാണ് നമ്മുടെ സ്ഥാപക പിതാവ് ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ വാക്കുകൾ ഓർക്കേണ്ടത്. "ദൈവം പുഞ്ചിരിക്കുന്നത് നിങ്ങൾക്ക് കാണണമോ എങ്കിൽ നിങ്ങളുടെ സഹോദരന്മാരെ ചിരിപ്പിക്കുക. അതിലൂടെ പുഞ്ചിരിക്കുന്നത് ദൈവം തന്നെയാണ്". നമുക്കാർക്കും യൂറോപ്പ് മുഴുവൻ ചുറ്റി നടന്ന് ദൈവവചനം പ്രസംഗിക്കാൻ സാധിക്കില്ല. പക്ഷേ ആയിരിക്കുന്ന ഇടങ്ങളിൽ ശുശ്രൂഷയ്ക്കായി നമ്മിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനത്തിന്റെ ആത്മാവിന് രക്ഷ നൽകും വിധം പ്രവർത്തിക്കുവാൻ നമുക്ക് കഴിയും.

സെൻറ് ജോൺ ഓഫ് ഗോഡ് സിസ്റ്റേഴ്സ് 1989-ലാണ് യൂറോപ്പിൽ തങ്ങളുടെ സേവനം ആരംഭിക്കുന്നത്. അന്നത്തെ റൈൻ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ റവ. ബ്രദർ അന്ത്രയാസുമായി നമ്മുടെ സ്ഥാപക പിതാവ് സംസാരിക്കുകയും അങ്ങനെ "എന്റെ ഈ ചെറിയവരിൽ ഒരുവന് ചെയ്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത്" (മത്താ 25:40) എന്ന തിരുവചനം ഹൃദയത്തിൽ ഏറ്റെടുത്ത് സഹോദരിമാർ യൂറോപ്പിൽ സേവനത്തിനായി കടന്നുവരികയും ചെയ്തു. ആദ്യമായി കടന്നുവന്ന ആ സഹോദരിമാരുടെ പ്രാർത്ഥനകളുടെയും പ്രവർത്തനങ്ങളുടെ ഫലമായി ഇന്ന് അഞ്ചു യൂറോപ്യൻ രാജ്യങ്ങളിൽ നമ്മുടെ സഹോദരിമാർ ശുശ്രൂഷ നിർവഹിക്കുന്നു. ഹോസ്പിറ്റലർ ഓർഡർ ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് ബ്രദേഴ്സുമായി ചേർന്ന് ആതുരസേവനരംഗങ്ങളായ ഹോസ്പിറ്റലിലും ഓൾഡ് ഏജ് ഹോമിലുമായി സ്നേഹശുശ്രൂഷ നിർവ്വഹിക്കുന്നു.

മതവും വിശ്വാസവും ഒന്നും അനുദിനജീവിതത്തിൽ ആവശ്യമില്ല എന്ന നൂതന ചിന്തകൾക്ക് പുണ്യചരിതനായ വിശുദ്ധ ജോൺ പോൾ പാപ്പ പറയുന്ന മറുപടി ശ്രദ്ധേയമാണ്: "മതമില്ലാത്ത ലോകത്തെ മനുഷ്യന് സൃഷ്ടിക്കാം, എന്നാൽ അത് അവനെതിരായി തന്നെ തിരിയും".തങ്ങൾക്ക് കിട്ടിയ വിശ്വാസം കാത്തു സൂക്ഷിച്ച് തീക്ഷ്ണതയോടും വിശ്വാസത്തോടുകൂടി ധാരാളം വൈദികരും സന്യസ്തരും യൂറോപ്യൻ രാജ്യങ്ങളിലേക്ക് കടന്നുചെന്ന് ദൈവസ്നേഹത്തെക്കുറിച്ച് പഠിപ്പിക്കുന്നുണ്ട്. എന്തു മാത്രം ചെയ്തു എന്നല്ല എങ്ങനെ ചെയ്തു എന്നതാണ്, ദൈവം നമ്മോട് ചോദിക്കുന്നത്. ഒരു പുത്തൻ പന്തക്കുസ്താനുഭവം പ്രത്യേകിച്ച് യൂറോപ്പിൽ സഭാവിശ്വാസികളുടെ ഇടയിൽ ഉണ്ടാകാൻ ആഗ്രഹിക്കാം.





# എന്നെ അനുഗമിക്കുവിൻ

ബ്ര. അനീഷ് മാളിയേക്കൽ

ഈ ജീവിതം ഒരു യാത്രയാണ്. വിളിച്ചവനിൽ വിശ്വസിച്ച് ജീവിതത്തിലുണ്ടാകുന്ന വെല്ലുവിളികളെയെല്ലാം തരണം ചെയ്തൊരു യാത്ര. ജീവിതം കൊണ്ട് ഇതർക്ക് താങ്ങും തണലുമായി സുവിശേഷം പ്രഘോഷിക്കുവാനുള്ള യാത്ര.

ഗോരഖ്പൂർ രൂപത ഇന്ത്യയിലെ ഏറ്റവും ജനസംഖ്യനിബിഡമായ ഉത്തർപ്രദേശ് സംസ്ഥാനത്തിലാണുള്ളത്. എന്നിരുന്നാൽപോലും ക്രിസ്ത്യാനികളുടെ എണ്ണം തുലോം കുറവും. മിഷൻ രൂപത എന്ന പേരുപോലെതന്നെ രൂപതയുടെ പലപ്രവർത്തനങ്ങളും ദരിദ്രരെ സഹായിക്കുവാനും സാമൂഹികമായി പിന്നോക്കാവസ്ഥയിൽ കഴിയുന്നവ്യക്തികളുടെ ഉന്നമനത്തിനും വേണ്ടിയാണ്. പരിശീലനഭാഗമായി റീജെൻസി കാലഘട്ടത്തിൽ ഇക്കഴിഞ്ഞ ഒരു വർഷം രൂപതയുടെ ഒരു മിഷൻ സ്റ്റേഷനിൽ പ്രവർത്തിക്കുവാൻ എനിക്ക് സാധിച്ചു.

കേരളവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ താഴ്ന്നനിലവാരമുള്ള ജീവിതശൈലി അനുവർത്തിക്കുന്ന ജനസാന്ദ്രതയേറിയ സ്ഥലമാണ് ഗോരഖ്പൂർ. നഗരത്തിന്റെ പ്രാന്തപ്രദേശങ്ങൾ തിരിഞ്ഞ് ഓരോ ഗ്രാമമായാണ് അവർ വസിക്കുന്നത്. ഓരോ ഗ്രാമത്തിനും 'പ്രധാൻ' എന്നു വിളിക്കപ്പെടുന്ന ഗ്രാമത്തലവനുണ്ട്. അദ്ദേഹമാണ് അവിടുത്തെ ഒട്ടുമിക്ക കാര്യങ്ങൾക്കും ചുക്കാൻ പിടിക്കുന്നത്. ഗ്രാമങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാവരും ഒരുമിച്ച് താമസിക്കുന്നതിനാൽ ശുചിത്വം വളരെ കുറവാണ്. നല്ല അധ്വാനശീലരായ അവരുടെ മുഖ്യവരുമാനമാർഗ്ഗം കൃഷിയാണ്. എല്ലാത്തരം പച്ചക്കറികളും, നെല്ല്, ഗോതമ്പ്, കരിമ്പ് എന്നിവയും കാലാവസ്ഥാനുസൃതമായി അവർ കൃഷിചെയ്യുന്നു. വില്ലേജ് മിനിസ്ട്രിയുടെ ഭാഗമായി ഗ്രാമങ്ങൾതോറും പോയപ്പോഴാണ് അവരുടെ ജീവിതാവസ്ഥയെ കൂടുതൽ അടുത്തറിയുവാൻ സാധിച്ചത്. കൊടും ദാരിദ്ര്യത്തിൽ കഴിയുന്ന അനേകം കുടുംബങ്ങൾ, അങ്ങനെ പഠനം നിർത്തേണ്ടി വന്ന കുട്ടികൾ, സ്വഭാര്യയെ സംസ്കരിക്കുവാൻ വിറകും മറ്റു സാമഗ്രികളും യാചിച്ച് നടന്ന നിർദ്ധനനായ വൃദ്ധൻ, തന്റെ വീട്ടിൽ അടുപ്പുകത്താനായി 70-ാം വയസിലും കഠിനാധ്വാനം ചെയ്യുന്നവർ എന്നിങ്ങനെ കണ്ണുകളെ ഈറനണിയിക്കുന്ന ഒട്ടേറെ കാര്യങ്ങൾ നേരിൽ കണ്ടറിയുവാനും കുറച്ചുനാളുകളെങ്കിലും അവരിലൊരാളായി ജീവിക്കുവാനും എനിക്ക് സാധിച്ചു.

വലിയ മണിമാളികകളല്ല അവരുടെ സ്വപ്നം; പെരുമഴയത്ത് കയറിക്കിടക്കാൻ ഒരു കൂര, രണ്ടുനേരം വയറുനിറച്ചുകഴിക്കാൻ അന്നം. പക്ഷേ, അതുപോലും ഇല്ലാത്ത അനേകർ അവർക്കിടയിൽ ഇന്നും ഉണ്ട്. കേരളത്തിൽ ലഭിക്കുന്ന വേതനത്തിന്റെ മൂന്നിലൊന്നാണ് ദിവസം മുഴുവൻ കഷ്ടപ്പെട്ടാൽ ഇവർക്ക് ലഭിക്കുക. സ്ത്രീകളാണെങ്കിൽ വേതനം അതിലും കുറയും. വിദ്യാഭ്യാസത്തിന്റെ മഹത്വം അറിയുന്നതുകൊണ്ടായിരിക്കണം ഒട്ടുമിക്ക മാതാപിതാക്കളും തങ്ങളുടെ മക്കളെ സ്കൂളുകളിൽ അയച്ചു പഠിപ്പിക്കുവാൻ പരിശ്രമിക്കുന്നത്. എന്നാൽ സ്കൂളിൽ പോകാതെ നടക്കുന്ന ഒരു തലമുറയും അവരോടുചേർന്ന് വളർന്നുവരുന്നുണ്ട്. നല്ല സാംസ്കാരികമൂല്യങ്ങളുള്ളവരാണ് ഇവിടെയുള്ള മനുഷ്യർ. അവർ ഒരതിഥിയെ സ്വീകരിക്കുന്ന രീതി നമ്മിൽ നിന്ന് വളരെ വ്യത്യസ്തമാണ്. അതിഥിയുടെ കാലുകൾ കഴുകി കൈകൾകൂപ്പി നമസ്തേ ചൊല്ലി, ഒരു ഗ്ലാസ്സ് വെള്ളവും അല്പം മധുരവും പിന്നീട് ചായയും പലഹാരങ്ങളും നൽകിയാണ് നമ്മെ സ്വീകരിക്കുക. കുലീനമായ ഇത്തരം ആതിഥ്യമര്യാദയുടെ നല്ല വശങ്ങൾക്കപ്പുറം തെറ്റായ ചില ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കുമിടയിലാണ് കൂടുതൽ ആളുകളെന്നും പറയാതെ വയ്യാ. ഇപ്പോഴും ബ്രാഹ്മണർ അഥവാ പാണെ എന്ന സമൂഹത്തിന് ഉന്നതസ്ഥാനം നൽകുകയും, മരിച്ചുപോയ തങ്ങളുടെ ഉറ്റവർക്ക് വേണ്ടി ശേഷക്രിയകൾക്കായി ചെയ്യുന്നതിനായി ബ്രാഹ്മണ സമൂഹം ചോദിക്കുന്ന പണവും ഇതരസാമഗ്രികളും നൽകേണ്ടിവരുന്ന പാവപ്പെട്ട മനുഷ്യരാണധികവും.

രൂപതാസോഷ്യൽ സർവ്വീസ് ഈ ജനതയുടെ ബോധവൽക്കരണത്തിനും ഉന്നമനത്തിനും വളരെയേറെ ശ്രദ്ധചെലുത്തുന്നുണ്ട്. "പൂർവാഞ്ജൽ ഗ്രാമീണ സേവാ സമിതി" എന്ന പേരിൽ പ്രവർത്തിക്കുന്ന സോഷ്യൽ സർവ്വീസ് സൊസൈറ്റി ജനങ്ങളുടെ ഉന്നതിയ്ക്കായി അഹോരാത്രം പ്രയത്നിക്കുന്നു. പ്രധാനമായും സർക്കാരിന്റെ പക്കൽനിന്നും ആനുകൂല്യങ്ങൾ അവർക്ക് വാങ്ങിനല്കുക എന്ന കർത്തവ്യം ശ്രദ്ധയോടെ അവർ അനുഷ്ഠിക്കുന്നു. വീട്ടിൽ നിന്ന് പുറത്തിറങ്ങുവാൻ സാഹചര്യമില്ലാത്ത സ്ത്രീകളെ ഒരുമിച്ച് കൂട്ടുകയും ബോധവൽക്കരണക്ലാസ്സുകളിലൂടെയും, കൃഷിക്കാവശ്യമായ വിത്തുകൾ നൽകി സ്വന്തമായി വരുമാനം നേടാൻ അവരെ സജ്ജരാക്കുന്നതിലൂടെയും പ്രസ്തുത സമിതി രൂപതയോടുചേർന്ന് മിഷൻ പ്രവർത്തനങ്ങളെ ജീവസ്സുറ്റതാക്കുന്നു.

മിഷനറിമാരെല്ലാം തങ്ങളുടെ പ്രവർത്തന മേഖലകളിൽ ഏറെ ക്ലേശങ്ങൾ സഹിക്കുന്നവരാണ്. നമുക്ക് ആകുന്നവിധം അവരെ സഹായിക്കുകയും പ്രത്യേകിച്ച് നമ്മുടെ പ്രാർത്ഥനയിൽ എന്നും എല്ലാ മിഷന

''എന്നെ അനുഗമിക്കുവിൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം''. (മർക്കോസ് 1:17 )

ഈ ജീവിതം ഒരു യാത്രയാണ്. വിളിച്ചവനിൽ വിശ്വസിച്ചുകൊണ്ട് ജീവിതത്തിലുണ്ടാകുന്ന വെല്ലുവിളികളെയെല്ലാം തരണം ചെയ്തുള്ള ഒരു യാത്ര. ജീവിതംകൊണ്ട് താങ്ങും തണലുമായി സുവിശേഷം പ്രഘോഷിക്കുന്നവർ. സ്വർഗ്ഗരാജ്യം സ്വന്തമാക്കാനായി, ഈശോയുടെ വാഗ്ദാനങ്ങൾ വിശ്വസിച്ച് എല്ലാം ഉപേക്ഷിച്ച ശിമയോനേയും കൂട്ടരെയും പോലെയാണ് എന്റെ ദൈവവിളി. ''ഒന്നുമില്ലായ്മയിൽ നിന്നും ദൈവം വളർത്തിയതാണ് ഈ നമ്മെയെല്ലാം'' എന്ന എന്റെ അമ്മയുടെ വാക്കുകൾ ഏതോ ഒരു നിമിഷത്തിൽ എന്നിൽ വളരെയേറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അന്ന ഉള്ളിലെവിടെയോ ഒരാഗ്രഹം പൊട്ടിമുളയ്ക്കുകയും മറ്റുള്ളവർക്കായി എന്തെങ്കിലും ചെയ്യണം എന്ന ആഗ്രഹം എന്നും ഹൃദയത്തിന്റെ അടിത്തട്ടിൽ മന്ത്രിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. പത്താം ക്ലാസ്സ് പഠനം പൂർത്തിയാക്കിയ ശേഷം ഗോരഖ്പൂർ രൂപതയിൽ വൈദിക വിദ്യാർത്ഥിയായി ചേർന്നു. ഗോരഖ്പൂർ രൂപത ഇന്ത്യയിലെ ഏറ്റവും ജനസംഖ്യയുള്ള ഉത്തർപ്രദേശ് സംസ്ഥാനത്തിലാണുള്ളത്. എന്നിരുന്നാൽപോലും ക്രിസ്ത്യാനികളുടെ എണ്ണം വളരെ കുറവാണ്. മിഷൻ രൂപത എന്ന പേരുപോലെതന്നെ രൂപതയുടെ പലപ്രവർത്തനങ്ങളും ദരിദ്രരെ സഹായിക്കുവാനും സാമൂഹികമായി മുൻപന്തിയിലെത്താത്ത വ്യക്തികളുടെ ഉന്നമനത്തിനും വേണ്ടിയാണ്. പരിശീലനത്തിന്റെ ഭാഗമായ റീജെൻസി കാലഘട്ടത്തിൽ കഴിഞ്ഞ ഒരു വർഷം രൂപതയുടെ ഒരു മിഷൻ സ്റ്റേഷനിലായിരിക്കാൻ എനിക്ക് സാധിച്ചു.

കേരളവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ താഴ്ന്നരീതിയിലുള്ള ജീവിതശൈലി അനുവർത്തിക്കുന്ന ജനസാന്ദ്രതയേറിയ സ്ഥലമാണ് ഗോരഖ്പൂർ. നഗരത്തിൽനിന്ന് ഓരോ പ്രദേശങ്ങൾ തിരിഞ്ഞ് ഓരോ ഗ്രാമമായാണ് അവർ വസിക്കുന്നത്, ഓരോ ഗ്രാമത്തിനും അവരുടേതായ ഗ്രാമതലവനുണ്ട്. അദ്ദേഹം 'പ്രധാൻ' എന്നാണ് വിളിക്കുന്നത്. അദ്ദേഹമാണ് അവിടുത്തെ ഒട്ടുമിക്ക കാര്യങ്ങൾക്കും ചുക്കാൻ പിടിക്കുന്നത്. ഗ്രാമങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാവരും ഒരുമിച്ച് താമസിക്കുന്നതിനാൽ ശുചിത്വം വളരെ കുറവാണ്. അധ്വാനശീലരായ അവരുടെ മുഖ്യവരുമാനമാർഗം കൃഷിയാണ്. എല്ലാത്തരം പച്ചക്കറികളും, നെല്ല്, ഗോതമ്പ്, കരിമ്പ് എന്നിവയും കാലാവസ്ഥാനുസൃതമായി അവർ കൃഷിചെയ്യുന്നുണ്ട്.

വില്ലേജ് മിനിസ്ട്രിയുടെ ഭാഗമായി ഗ്രാമങ്ങളിലൂടെ കടന്നുപോയപ്പോഴാണ് അവരുടെ ജീവിതാവസ്ഥയെ കൂടുതൽ അടുത്തറിയുവാൻ സാധിച്ചത്. വളരെ ദാരിദ്ര്യത്തിൽ കഴിയുന്ന അനേകം കുടുംബങ്ങൾ, വീട്ടിലെ കൊടും ദാരിദ്ര്യംകൊണ്ട് പഠനം നിർത്തേണ്ടി വന്ന കുട്ടികൾ, സ്വന്തം ഭാര്യയെ സംസ്കരിക്കുവാന് വിറകും മറ്റു സാമഗ്രികളും യാചിച്ച് നടന്ന നിർദ്ധനനായ വൃദ്ധൻ, തന്റെ വീട്ടിൽ അടുപ്പു കത്താനായി 70-ാം വയസിലും കഠിനാധ്വാനം ചെയ്യുന്നവർ എന്നിങ്ങനെ കണ്ണുകളെ ഈറനണിയിക്കുന്ന ഒട്ടേറെ കാര്യങ്ങൾ നേരിൽ കാണുവാനും അനുഭവിച്ചറിയുവാനും കുറച്ചുനാളുകളെങ്കിലും അവരിലൊരാളായി ജീവിക്കുവാനും എനിക്ക് സാധിച്ചു.

വലിയ മണിമാളികകളല്ല അവരുടെ സ്വപ്നം; പെരുമഴയത്ത് കയറിക്കിടക്കാൻ ഒരു കൂര, രണ്ടുനേരം വയറുനിറച്ചുകഴിക്കാൻ അന്നം. പക്ഷേ, അതുപോലും ഇല്ലാത്ത അനേകർ അവർക്കിടയിൽ ഇന്നും ഉണ്ട്. കേരളത്തിൽ ലഭിക്കുന്ന വേതനത്തിന്റെ മൂന്നിലൊന്നാണ് ദിവസം മുഴുവൻ കഷ്ടപ്പെട്ടാൽ ഇവർക്ക് ലഭിക്കുക. സ്ത്രീകളാണെങ്കിൽ അതിലും കുറയും. വിദ്യാഭ്യാസത്തിന്റെ മഹത്വം അറിയുന്നതുകൊണ്ടായിരിക്കണം ഒട്ടുമിക്ക മാതാപിതാക്കളും തങ്ങളുടെ മക്കളെ സ്കൂളുകളിൽ അയച്ചു പഠിപ്പിക്കുവാൻ പരിശ്രമിക്കുന്നത്. എന്നാൽ സ്കൂളിൽ പോകാതെ നടക്കുന്ന ഒരു തലമുറയും അവരോടുചേർന്ന് വളർന്നുവരുന്നുണ്ട്. നല്ല സാംസ്കാരികമൂല്യങ്ങളുള്ളവരാണ് ഇവിടെയുള്ള മനുഷ്യർ. അവർ ഒരതിഥിയെ സ്വീകരിക്കുന്ന രീതി നമ്മിൽ നിന്ന് വളരെ വ്യത്യസ്തമാണ്. അതിഥിയുടെ കാലുകൾ കഴുകി കൈകൾകൂപ്പി നമസ്തേ ചൊല്ലി, ഒരു ഗ്ലാസ്സ് വെള്ളവും അല്പം മധുരവും പിന്നീട് ചായയും പലഹാരങ്ങളും നൽകിയാണ് നമ്മെ സ്വീകരിക്കുക. കുലീനമായ ഇത്തരം ആതിഥ്യമര്യാദയുടെ നല്ല വശങ്ങൾക്കപ്പുറം തെറ്റായ ചില ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കുമിടയിലാണ് കൂടുതൽ ആളുകളും എന്നും പറയാതെ വയ്യ. ഇപ്പോഴും ബ്രാഹ്മണർ അഥവാ പാണെ എന്ന സമൂഹത്തിന് ഉന്നതസ്ഥാനം നൽകുകയും, മരിച്ചുപോയ തങ്ങളുടെ ഉറ്റവർക്ക് വേണ്ടി ശേഷക്രിയകൾ ചെയ്യുന്നതിനായി ബ്രാഹ്മണ സമൂഹം ചോദിക്കുന്നതായ പണവും മറ്റു സാമഗ്രികളും നൽകുവാൻ തയ്യാറാവുകയും ചെയ്യേണ്ടി വരുന്ന പാവപ്പെട്ട മനുഷ്യരാണധികവും.

രൂപതയിലെ സോഷ്യൽ സർവ്വീസ് ഈ ജനതയുടെ ഉന്നമനത്തിനും ബോധവൽക്കരണത്തിനും വളരെയേറെ ശ്രദ്ധചെലുത്തുന്നുണ്ട്. ''പൂർവാഞ്ജൽ ഗ്രാമീണ സേവാ സമിതി'' എന്ന പേരിൽ പ്രവർത്തിക്കുന്ന സോഷ്യൽ സർവ്വീസ് സൊസൈറ്റി ജനങ്ങളുടെ ഉന്നമനത്തിനായി അഹോരാത്രം പ്രയത്നിക്കുന്നു. പ്രധാനമായും സർക്കാരിന്റെ പക്കൽനിന്നും ആനുകൂല്യങ്ങൾ അവർക്ക് വാങ്ങിനല്കുക എന്ന കർത്തവ്യം ശ്രദ്ധയോടെ അവർ അനുഷ്ഠിക്കുന്നു. വീട്ടിൽനിന്ന് പുറത്തേയ്ക്ക് ഇറങ്ങാത്ത സ്ത്രീകളെ ഒരുമിച്ച് കൂട്ടുകയും ബോധവൽക്കരണ ക്ലാസ്സുകളിലൂടെയും, കൃഷിക്കാവശ്യമായ ഉൽപ്പന്നങ്ങൾ നൽകി സ്വന്തമായി വരുമാനം നേടാൻ അവരെ സജ്ജരാക്കുന്നതിലൂടെയും പ്രസ്തുത സമിതി രൂപതയോടു ചേർന്ന് മിഷൻ പ്രവർത്തനങ്ങളെ ജീവസ്സുറ്റതാക്കുന്നു.

മിഷനറിമാരെല്ലാം ധാരാളം ബുദ്ധിമുട്ടുകൾ സഹിക്കുന്നവരാണ്. അവരുടെ അവരാലാകുന്ന വിധം മറ്റുള്ളവരെ സഹായിച്ച് അവർക്ക് നമ്മുടെ പ്രാർത്ഥനയിൽ എന്നും എല്ലാ മിഷനറിമാരെയും നമുക്കോർക്കാം.






# ക്രിസ്തുമസ്സ്

ഫാ. തോമസ് വിലങ്ങുപാറ

ത്രിത്വരഹസ്യത്തിന്റെ ആഘോഷവും അനുഭവവുമാണല്ലോ ക്രിസ്തുമസ്സ്. തന്റെ പുത്രനെ നമുക്കായി നൽകുന്ന പിതാവായ ദൈവത്തിന്റെ സ്നേഹമാണ് പുൽക്കൂട്ടിൽ പിറന്ന രക്ഷകനായ ഈശോയിൽ നാം കാണുക.

ആദിപിതാവായ ആദത്തിന്റെ അനുസരണക്കേടിലൂടെ നഷ്ടമായ നിത്യജീവൻ ഈശോ തന്റെ അനുസരണത്തിലൂടെ വീണ്ടെടുത്തു. ഈശോയുടെ ജീവിതം പിതാവായ ദൈവത്തോടുള്ള സമ്പൂർണ്ണ സമർപ്പണമായിരുന്നു. 'ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ'' എന്ന മറിയത്തിന്റെ വാക്കുകൾ അർത്ഥമാക്കുന്നതും, ദൈവത്തോടുള്ള അനുസരണവും വിധേയത്വവുമാണ്. അനുസരണം വഴി രക്ഷാകരചരിത്രത്തിൽ സഹരക്ഷകയാകുവാൻ മറിയത്തിനു സാധിച്ചു. കർത്താവിന്റെ ദൂതൻ കൽപ്പിച്ചത് അനുസരിച്ച യൗസേപ്പിന് രക്ഷാകരചരിത്രത്തിൽ പങ്കാളിയാകുവാനുള്ള വിളിയാണ് ദൈവം നൽകിയത്. സന്തോഷത്തിന്റെ സദ്‌വാർത്ത ദൂതനിലൂടെ ശ്രവിക്കുകയും തദാനുസരണം യാത്ര ചെയ്യുകയും ചെയ്ത ആട്ടിടയന്മാർക്കാണ് പുൽക്കൂട്ടിൽ പിറന്ന രക്ഷകനെ ആദ്യമായി കാണുവാൻ ഭാഗ്യം ലഭിച്ചത്. സമൂഹത്തിൽ അനുസരണം ഏറെ ആവശ്യകമായിരുന്ന ഒരുകാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ഈ ജീവിതസാഹചര്യങ്ങളിൽ അനുസരണത്തിലൂടെ അനുഗ്രഹം പ്രാപിക്കുവാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നാം അനുസരണത്തിലും ദൈവസ്നേഹത്തിലും വളരണം.

ഈശോയുടെ ജനനത്തെക്കുറിച്ചുള്ള ഒരു കഥ ഇങ്ങനെയാണ്. യൗസേപ്പിതാവും മാതാവും സത്രം അന്വേഷിച്ച് നടക്കുകയായിരുന്നു. ഒരു സത്രത്തിൽ യൗസേപ്പിതാവ് മുട്ടിയപ്പോൾ ഒരു സ്ത്രീയാണ് വാതിൽ തുറന്നത്. മാതാവ് ചോദിച്ചു: "ഇവിടെ സ്ഥലമുണ്ടോ?'' ഇല്ല എന്നുപറഞ്ഞ് അവർ വാതിൽ കൊട്ടിയടച്ചു. ഈശോയെ പുൽത്തൊഴുത്തിൽ പ്രസവിച്ച ശേഷം മാതാവ് ഈശോയെ കുളിപ്പിക്കാനൊരിടവും രാത്രി തങ്ങാനൊരിടവും അന്വേഷിച്ച് നടക്കുകയായിരുന്നു. ഒരു സത്രത്തിൽചെന്ന് മുട്ടി. വാതിൽതുറന്നത് ഒരുസ്ത്രീയാണ്. മാതാവ് ചോദിച്ചു. " ഈ രാത്രിയിൽ ഞങ്ങൾക്കിവിടെ തങ്ങാൻ കഴിയുമോ?'' ആ സ്ത്രീ





പറഞ്ഞു “എന്റെ ഭർത്താവ് ഒരു പെരുംകള്ളനും കൊലപാതകിയുമാണ്. അദ്ദേഹം ഇപ്പോൾ പുറത്തുപോയിരിക്കുകയാണ്. ഇത്ര സുന്ദരിയായ നിങ്ങളെ കണ്ടാൽ അയാൾ വെറുതെ വിടുകയില്ല, വേഗം പൊയ്ക്കോളൂ”. മാതാവ് ചോദിച്ചു: “ എങ്കിൽ എന്റെ കുഞ്ഞിനെ ഒന്നു കുളിപ്പിക്കാനെങ്കിലും പറ്റുമോ?” ആ സ്ത്രീ കുഞ്ഞിനെ നോക്കി, ഒരു സുന്ദരനായ ശിശു. അവന് കുളിക്കുവാനുള്ള സ്ഥലം ഒരുക്കി കൊടുക്കുന്നത് തന്റെ ഭാഗ്യമായി അവർ കരുതി. ആ സ്ത്രീ ഒരുതാലത്തിൽ വെള്ളം കൊണ്ടുവന്നു. മാതാവ് ഉണ്ണിയെ കുളിപ്പിച്ച് നന്ദി പറഞ്ഞ് യാത്രയായി. ആ ഉണ്ണിയെ ഒന്നെടുക്കണെമെന്ന ആഗ്രഹം ആ സ്ത്രീക്കുണ്ടായിരുന്നു. പക്ഷേ സാധിച്ചില്ല. അവൾ തന്റെ വിരൂപനായ കുഞ്ഞിനെ എടുത്തു. എന്നിട്ട് പറഞ്ഞു.“ നാണമില്ലേ, വൃത്തികെട്ട ജന്തു. ആ കുഞ്ഞിനെ കണ്ടില്ലേ, എന്തൊരു സൗന്ദര്യം. എടുത്താലും എടുത്താലും കൊതിതീരൂല. ആ ശിശു കുളിച്ച വെള്ളത്തിലെങ്കിലും ഒന്ന് മുങ്ങ്” എന്നു പറഞ്ഞ് ആ സ്ത്രീ തന്റെ ശിശുവിനെ വെള്ളത്തിലേയ്ക്ക് മുക്കിയിട്ട് പൊക്കി. അത്ഭുതം വിരൂപനായ ആ കുഞ്ഞ് സുന്ദരനായി മാറി. അവൾ തന്റെ കുഞ്ഞിനെ തുരുതുരാ ഉമ്മ വെച്ചു. ആ കുഞ്ഞും വളർന്നു. തന്റെ പിതാവിനേപ്പോലെ അവനും മോഷ്ടിക്കാൻ തുടങ്ങി. അവനെയും പടയാളികൾ പിടികൂടി കുരിശുമരണത്തിന് വിധിച്ചു. അവനാണ് യേശുവിനൊപ്പം കുരിശിൽ തറയ്ക്കപ്പെട്ട് പറുദീസ കട്ടെടുത്തവനായ നല്ല കള്ളൻ.

ആദ്യത്തെ സ്ത്രീ ചെയ്തപോലെ പലപ്പോഴും ഈശോയുടെ മുന്നിൽ വാതിലുകൾ കൊട്ടിയടയ്ക്കുന്നവരാണ് നമ്മൾ. ഈശോയെ ഇരുകൈയ്യാൽ നാം സ്വീകരിക്കണം. നമ്മുടെ ക്രിസ്തുമസ്സ് ആഘോഷങ്ങൾ അർത്ഥവത്താകണമെങ്കിൽ ദൈവസ്നേഹത്തിന്റെ പങ്കുവയ്ക്കൽ നമ്മുടെ ജീവിതത്തിലും ഉണ്ടാകണം. ക്രിസ്തുവാകുന്ന ശരീരത്തിലെ അവയവങ്ങളെന്ന നിലയിൽ പരസ്പരം സഹായിച്ചും സഹകരിച്ചും ജീവിക്കുവാൻ സാധിച്ചാൽ ക്രിസ്തുമസ്സ് നമ്മിൽ അർത്ഥപൂർണ്ണമാകും.




പ്രഥമ വ്രതവാഗ്ദനാത്തിലൂടെ ഈശോയുടെ സ്വന്തമായിത്തീർന്ന നവസന്യാസിനികൾക്ക് സെന്റ്. ജോൺ ഓഫ് ഗോഡ് സന്യാസിനീ സമൂഹത്തിന്റെ പ്രാർത്ഥനാ മംഗളങ്ങൾ.



സന്യാസസമർപ്പണത്തിന്റെ രജതജൂബിലി ആഘോഷിച്ച ഞങ്ങളുടെ സഹോദരിമാർക്ക് എല്ലാവിധ വിജയാശംസകളും പ്രാർത്ഥനകളും നേരുന്നു.

Printed and Published by Sr Vimala George on behalf of Sisters of Charity of St John of God and
Printed at Sterling Print House (P) Ltd. Door No: 49/1849, Ponekkara P.O., Cochin-682 041.
Published at Sisters of Charity of St John of God, Kattappana South P.O, Idukki (Dt) 685 515.
E-mail: fortunekpna@gmail.com, Website: www.scjg.in., Editor : Sr Vimala George



SISTERS OF
CHARITY OF STJOHN OF GOD
ഹോസ്പിറ്റൽ, അഗതിമന്ദിരങ്ങൾ,
അനാഥാലയങ്ങൾ, സ്പെഷ്യൽ സ്കൂൾ, ഇടവക
പ്രവർത്തനങ്ങൾ, മറ്റു സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ
തുടങ്ങിയവയിലൂടെ ഞങ്ങളുടെ ആതുരസേവനം ഇന്നും
തുടർന്നു കൊണ്ടിരിക്കുന്നു.
Contact Address
Vocation Promoter
Sisters of Charity of St. John of God
Kattappana South P.O., Idukki Dt., Kerala 685515
Ph. 04868 272744, Mob: 9961107153
Email:vocationscjg@gmail.com, Web Site -www.scjg.in